I. ഇ.ബി. XII-കേരള നിയമസഭ/XIV-17

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികള്‍ - സംഗ്രഹം**

(ചോദ്യോത്തരങ്ങള്‍ ഒഴികെ)

2010 മാര്‍ച്ച് 22, തിങ്കള്‍

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കര്‍ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയില്‍ നിയമസഭാഹാളില്‍ യോഗം ചേര്‍ന്നു

(8.30 മുതല്‍ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം

മി. സ്പീക്കര്‍: മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തിനും ഭരണഘടനാ തത്വങ്ങള്‍ക്കും നിരക്കാത്ത രീതിയില്‍ ട്രാന്‍സ്പോര്‍ട്ട് വകുപ്പുമന്ത്രി ശ്രീ. ജോസ് തെറ്റയിലില്‍ വിശ്വാസമില്ലെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വിശ്വാസമില്ലാത്ത ഒരു മന്ത്രി തുടരുന്നതുകൊണ്ടും ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാ നടപടികള്‍ നിറുത്തിവച്ച് ചര്‍ച്ചചെയ്യണമെന്നാവശ്യപ്പെട്ട് സര്‍വ്വശ്രീ. ടി. എന്‍. പ്രതാപന്‍, ജോസഫ് എം. പുതുശ്ശേരി, കെ. കുട്ടി അഹമ്മദ് കുട്ടി, കെ. കെ. ഷാജു, കെ.ബി. ഗണേഷ് കുമാര്‍ എന്നീ അംഗങ്ങള്‍ റൂള്‍ 50 അനുസരിച്ച് നോട്ടീസ് നല്‍കിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദന്‍): അടിയന്തിര പ്രമേയത്തിന് ആധാരമായി പറഞ്ഞിരിക്കുന്ന കാര്യങ്ങള്‍ തികച്ചും രാഷ്ട്രീയ പ്രേരിതമാണ്.

മുഖ്യമന്ത്രിയും സഹമന്ത്രിമാരുമായി യാതൊരു അഭിപ്രായവ്യത്യാസവുമില്ല. മുഖ്യമന്ത്രിക്ക് എല്ലാ മന്ത്രിമാരിലും എല്ലാ മന്ത്രിമാർക്കും മുഖ്യമന്ത്രിയിലും പരിപൂർണ്ണമായ വിശ്വാസമുണ്ട്. മന്ത്രിസഭയുടെ പ്രവർത്തനങ്ങൾക്ക് രാഷ്ട്രീയമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ട ഉത്തരവാദിത്തം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുള്ളതിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് മുന്നണിയുടേയും സർക്കാരിന്റെയും സുഗമമായ നടത്തിപ്പിനുവേണ്ട നടപടികൾ സ്വീകരിക്കും. മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ടു എന്ന പരാമർശം അടിസ്ഥാനരഹിതമാണ്. യാതൊരു ഭരണഘടനാ പ്രതിസന്ധിയുമില്ല. സർക്കാർ ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്തം നഷ്ടപ്പെട്ടുവെന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണി യോഗത്തിൽ ഗതാഗത വകുപ്പുമന്ത്രിക്കെതിരായി പരാമർശം നടത്തിയെന്ന് സമ്മതിക്കുന്ന രീതിയിലുമാണ് മുഖ്യമന്ത്രി മറുപടി പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ ആഴ്ച എ.കെ. ജി. സെന്ററിൽ നടന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി യോഗത്തിൽ ശ്രീ. ജോസ് തെറ്റയിൽ മന്ത്രിയായതിനുശേഷം വളരെ ഗുരുതരമായ അഴിമതി ഗതാഗത വകുപ്പിൽ നടക്കുന്നു എന്ന് മുഖ്യമന്ത്രി പരാമർശിച്ചതായി ജനതാദളിന്റെ സംസ്ഥാന പ്രസിഡന്റ് ഇന്ത്യാ വിഷന് നൽകിയ ഇന്റർവ്യൂവിൽ വെളിപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിൽ ഗുരുതരമായ ഭരണഘടനാ പ്രതിസന്ധിയാണ് ഉണ്ടായിരിക്കുന്നത്. മുഖ്യമന്ത്രി ഗതാഗത വകുപ്പിന്റെ ചുമതല വഹിച്ച കാലയളവിൽ നടത്തിയ സ്ഥലംമാറ്റങ്ങളും കെ.എസ്.ആർ.ടി.സി.-യിൽ നടത്തിയ അഴിമതിയും അതീവ

ഗുരുതരമാണെന്നും യാതൊരു പരിശീലനവും സിദ്ധിച്ചിട്ടില്ലാത്തവരാണ് ഗതാഗത വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം കൊടുത്തതെന്നും ഇതിന്റെയൊക്കെ പിന്നിൽ മുഖ്യമന്ത്രിയുടെ രക്തബന്ധത്തിലുള്ളവരാണെന്നും മറ്റ് വകുപ്പുകളിൽ അഴിമതിയുണ്ടെന്നും ഒരു ടി. വി. ചാനലിന് കൊടുത്ത ഇന്റർവ്യൂവിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നു. മുഖ്യമന്ത്രിക്ക് ചുമതലയുണ്ടായിരുന്നപ്പോൾ ഗതാഗത വകുപ്പിൽ സ്ഥലംമാറ്റം നടത്തിയതാരാണെന്ന് വ്യക്തമാക്കണം. മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം നഷ്ടമായിരിക്കുന്നു. മുഖ്യമന്ത്രിക്ക് വിശ്വാസം നഷ്ടപ്പെട്ട മന്ത്രി ഭരണഘടന പ്രകാരം മന്ത്രിസഭയിൽ തുടരാൻ പാടില്ല. അഴിമതിക്ക് വിധേയരായ ആരും മന്ത്രിസഭയിൽ ഉണ്ടാകുകയില്ലെന്ന് പ്രഖ്യാപിച്ച മുഖ്യമന്ത്രിക്ക് ആ കസേരയിൽ ഇരിക്കാനുള്ള ധാർമ്മികത നഷ്ടമായിരിക്കുന്നു. അതുകൊണ്ട് പ്രസ്തുത വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇതുസംബന്ധിച്ച് വിശദമായിത്തന്നെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ലോകായുക്ത ജസ്റ്റീസും ഉപലോകായുക്ത ജസ്റ്റീസും പുറപ്പെടുവിച്ച വിധിയിൽ ഗതാഗത വകുപ്പിലെ സ്ഥലംമാറ്റത്തിൽ യാതൊരുവിധത്തിലുമുള്ള അഴിമതിയും നടന്നിട്ടില്ലെന്ന് പറഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രി ഗതാഗതവകുപ്പു കൈകാര്യം ചെയ്തിരുന്ന സമയത്ത് ഒട്ടേറെ അഴിമതി നടന്നു എന്ന് പറയുന്നതിൽ യാതൊരു വസ്തുതയും ഇല്ല.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ. എം. മാണി, സി. ടി അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ

പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ച് വരികയും ചെയ്തു.)

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): എനിക്ക് മുമ്പുള്ള കാലഘട്ടത്തിൽ അഴിമതി നടന്നുവെന്ന് പറഞ്ഞിട്ടില്ല.

**ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്ര പദ്ധതികൾ പൂർത്തിയാക്കുന്നതിൽ വരുന്ന കാലതാമസം

ശ്രീ. ബി. ബാബു പ്രസാദ്: സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് പി.എം.ജി.എസ്.വൈ പ്രകാരമുള്ള അഞ്ചും ആറും ഫെയ്സുകളുടെ പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ വളരെ മുന്നിൽ നിൽക്കുമ്പോൾ കേരളം വളരെ മോശമായ പെർഫോർമൻസാണ് കാഴ്ചവച്ചിരിക്കുന്നത്. കേന്ദ്രം അനുവദിച്ച ഫണ്ട് ഫലപ്രദമായി ഉപയോഗിക്കാൻ കേരള സർക്കാരിന് കഴി യാത്തതുമൂലം തുടർന്ന് കേന്ദ്രത്തിൽ അയച്ച പ്രൊപ്പോസലുകൾ പോലും അനുവദിക്കപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമപ്രകാരം പദ്ധതി പൂർത്തിയാക്കി കണക്കുകകൾ സമർപ്പിച്ചാൽ മാത്രമേ തുടർന്നുള്ള പദ്ധതികൾക്കുള്ള പണം ലഭിക്കുകയുള്ളൂ. പക്ഷേ കേരളം ഇതുവരെ 2007 മാർച്ച് വരെയുള്ള കണക്കു കൾ മാത്രമേ സമർപ്പിച്ചിട്ടുള്ളൂ. കണക്കുകൾ യഥാസമയം സമർപ്പിക്കാത്ത തിനാൽ ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണത്തിനും കേരളത്തിന്റെ വിക സനത്തിനും ലഭിക്കേണ്ട കോടിക്കണക്കിനുരൂപ നഷ്ടപ്പെട്ടിരിക്കുകയാണ്. പി.ഡബ്ല്യു.ഡി.-യുടെ പണികൾ കൃത്യ സമയത്ത് പൂർത്തിയാക്കുമ്പോൾ പി.എം.ജി.എസ്.വൈ.-യുടെ പണികൾ ടാറും ഗ്രാവലും മറ്റും കിട്ടാത്തതി നാൽ തടസ്സപ്പെട്ടിരിക്കുകയാണ്. ഡി.ആർ.ഡി.എ. പ്രസ്തുത പദ്ധതികൾ

കൈകാര്യം ചെയ്തിരുന്ന കാലത്ത് ഗ്രാമീണ റോഡുകളുടെ പണി ചെറിയ രീതിയിലെങ്കിലും നടന്നിരുന്നുവെങ്കിൽ ജില്ലാ പഞ്ചായത്തുകളെ ഏൽപ്പിച്ച തിനുശേഷം രാഷ്ട്രീയപരമായ കാരണങ്ങളാൽ മുടങ്ങിപ്പോകുകയാണ്. പി.എം.ജി.എസ്.വൈ ഉൾപ്പെടെയുള്ള കേന്ദ്ര പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ട് യഥാസമയം വിനിയോഗിക്കാനും പൂർത്തിയാക്കാനും നടപടി സ്വീകരി ക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പി.എം.ജി.എസ്.വൈ., ഹരിയാലി മറ്റ് കേന്ദ്ര പദ്ധതികൾ എന്നിവവഴി ലഭ്യമാകുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ പൊതുവിൽ കാലതാമസമോ അതുകാരണം വികസനരംഗത്ത് സ്തംഭനമോ ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടില്ല. പി.എം.ജി.എസ്.വൈ. 2000–01 –ൽ തുടങ്ങിയ പദ്ധതിയാണ്. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ലഭിച്ചതിനേക്കാൾ കൂടുതൽ റോഡുകൾക്ക് അനുമതി നേടിയെടുക്കാനും കൂടുതൽ തുക ചെലവഴിക്കാനും എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞി ട്ടുണ്ട്. മുടങ്ങിക്കിടക്കുന്ന റോഡുകളുടെ പണി പൂർത്തിയാക്കുന്നതിനുവേണ്ടി സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ റോഡുകൾ നിർമ്മിക്കു ന്നതിനാവശ്യമായ സ്ഥലം ലഭ്യമാകാതിരിക്കുക, നിലവിലുള്ള റോഡുകളിൽ ടെലഫോൺ ലൈനുകൾ, ഇലക്ട്രിക് പോസ്റ്റുകൾ തുടങ്ങിയവ മാറ്റി സ്ഥാപി ക്കുന്നതിൽ വരുന്ന കാലതാമസം, പദ്ധതി ഏറ്റെടുക്കുന്നതിന് കരാറുകാർ കാണിക്കുന്ന വിമുഖത തുടങ്ങിയവയാണ് പദ്ധതി പ്രവർത്തനത്തിനുള്ള മുഖ്യമായ തടസം. ഇത് ഒഴിവാക്കുന്നതിനായി ഭൂമിയുടെ ലഭ്യത ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക; യൂട്ടിലിറ്റി, ഷിഫ്റ്റിംഗ് എന്നിവ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ജില്ലാ കളക്ടർക്ക്

നൽകുകയും ചെലവ് സംസ്ഥാന ഗവൺമെന്റ് വഹിക്കുകയും ചെയ്യുക; പി.എം.ജി.എസ്.വൈ പ്രവൃത്തികൾക്ക് ആവശ്യം വരുന്നപക്ഷം പതിനഞ്ച് ശതമാനം ടെന്റർ തുക എക്സസ്സ് അനുവദിക്കുക, ഈ രണ്ട് പാക്കേജിന് ഒരു അസിസ്റ്റന്റ് എഞ്ചിനിയറെ നിയമിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) <u>വൈദ്യുതി പ്രതിസന്ധി</u>

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ:</u> കേരളത്തിലെ ജലസംഭരണികളിൽ ജലലഭ്യതയുടെ കുറവുമൂലം വൈദ്യുതി ഉൽപ്പാദനത്തിൽ വന്ന കുറവും കടുത്ത ചൂടിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ഉപഭോഗത്തിൽ വന്ന വർദ്ധനവും വൈദ്യുതി മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ജലവൈദ്യുത പദ്ധതികൾ നവീകരിച്ചും ശക്തിപ്പെടുത്തിയും കാറ്റ്, തിരമാല മറ്റ് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ എന്നിവയിൽനിന്നും പരമാവധി വൈദ്യുതി ഉൽപ്പാദിപ്പിച്ചും മൈക്രോ വൈദ്യുത പദ്ധതികൾ സ്ഥാപിച്ചും വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാമുണ്ടെങ്കിലും വൈദ്യുതി മേഖലയുടെ പ്രപതിസന്ധി ആശങ്കാജനകമാണ്. കഴിഞ്ഞ വേനൽക്കാലത്തെ അപേക്ഷിച്ച് സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപഭോഗം വർദ്ധിച്ചിരിക്കുകയാണ്. ജലസംഭരണികളിൽ ലഭ്യമായ വെള്ളംകൊണ്ട് ഒരു ദിവസം ശരാശരി 190 ലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ മാത്രമേ കഴിയുകയുള്ളൂ. കേന്ദ്ര പൂളിൽനിന്ന് 250 ലക്ഷം യൂണിറ്റ് വൈദ്യുതിക്ക് അവകാശമിരിക്കെ 200 ലക്ഷം യൂണിറ്റ് വൈദ്യുതി മാത്രമേ ലഭിക്കുന്നുള്ളൂ. പ്രതിദിന ഉപഭോഗം 550 ലക്ഷം യൂണിറ്റിൽ എത്തിനിൽക്കുന്ന ഘട്ടത്തിൽ കേന്ദ്ര പൂളിൽനിന്ന് അർഹമായ വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരി

ക്കണം. അലോക്കേറ്റഡ്-അൺഅലോക്കേറ്റഡ് പൂളുകളിൽനിന്നും കൂടുതൽ കേന്ദ്ര വിഹിതം ലഭ്യമാക്കാൻ നടപടിയുണ്ടാകണം. സംസ്ഥാനം പവർക്കട്ടിലേയ്ക്കും ലോഡ് ഷെഡ്ഡിംഗിലേയ്ക്കും പോകാതിരിക്കുന്നതിന് ജനങ്ങളുടെ ഭാഗത്തുനിന്നും സഹകരണം ഉണ്ടാകാനുള്ള ശ്രമം നടത്തണം. വൈദ്യുതി പ്രതിസന്ധി അതിജീവിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പംതന്നെ കേന്ദ്ര വിഹിതം പൂർണ്ണമായി നേടിയെടുക്കുകയും ചെയ്യണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേരളത്തിലെ വൈദ്യുതി ഉപഭോഗ വർദ്ധനവ് കഴിഞ്ഞ വർഷത്തേക്കാൾ 20 ശതമാനത്തിൽ കൂടുതലാണ്. 20 മില്യൺ യൂണിറ്റ് കേന്ദ്രത്തിൽ നിന്നും 24 മില്യൺ യൂണിറ്റ് ജലനിലയങ്ങളിൽനിന്നും 9 മില്യൺ യൂണിറ്റ് താപനിലയങ്ങളിൽനിന്നും 2 മില്യൺ യൂണിറ്റ് പുറത്തുനിന്നും വാങ്ങിയാണ് സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം നടത്തുന്നത്. മേയ് മാസം വരെ ഉപയോഗിക്കാൻ കരുതൽ ശേഖരം കഴിച്ച് 1325 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളം മാത്രമാണുള്ളത്. ഇതിൽനിന്നും ഒരു ദിവസം ശരാശരി 12 മില്യൺ യൂണിറ്റ് വൈദ്യുതി മാത്രമേ ലഭ്യമാകുകയുള്ളൂ. എന്നാൽ വൈദ്യുതിയുടെ പ്രതിദിന ഉപഭോഗം 24 മില്യൺ യൂണിറ്റാണ്. മേയ് മാസമാകുമ്പോൾ പ്രസ്തുത സാഹചര്യം കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കും. താപനിലയങ്ങളിൽനിന്നുള്ള വൈദ്യുതിയുടെ വില വൻതോതിൽ വർദ്ധിച്ചതിനാൽ കെ.എസ്.ഇ.ബി. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണ്. പുറത്തുനിന്ന് വൈദ്യുതി വാങ്ങി ലഭ്യമാകുന്നതിന് പവർ കമ്പനികളുമായി കരാറുണ്ടാക്കിയിരുന്നെങ്കിലും വൈദ്യുതിയുടെ ഡിമാന്റ് വർദ്ധിച്ചത്

ഇവരുടെ പിന്മാറ്റത്തിന് കാരണമായി. പ്രസ്തുത സാഹചര്യത്തിൽ പവർ എക്സ്ചേഞ്ച് അടക്കമുള്ള എല്ലാ സാധ്യതകളും ഉപയോഗിച്ച് വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. മാത്രമല്ല, വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് നല്ല നിലയിലുള്ള ക്യാമ്പെയിൻ ഉണ്ടാകേണ്ടതുമുണ്ട്. അതിനുവേണ്ടി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇതിന്റെ ഭാഗമായി 75 ലക്ഷത്തോളം വരുന്ന എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും രണ്ട് 60 വാട്ട്സ് ബൾബിനുപകരം 14 വാട്ട്സിന്റെ സി.എഫ്. ലാമ്പ് നൽകി വരുന്നുണ്ട്. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ നല്ല സഹകരണം ഉണ്ടായാലേ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാൻ കഴിയുകയുള്ളൂ. പവർകട്ട്, ലോഡ്ഷെഡ്ഡിംഗ് എന്നിവയിൽനിന്ന് രക്ഷനേടുന്നതിനായി കേന്ദ്രം സഹായിക്കണമെന്ന് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.

**സബ്മിഷൻ**

(1) ആഫീസ് മുക്ക്-വിയ്യണ്ണൂർ റോഡിന്റെ ശോച്യാവസ്ഥ

ശ്രീ. എൻ അനിരുദ്ധൻ: ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഗതാഗത തിരക്കുള്ള ആഫീസ്മുക്ക്- വിയ്യണ്ണൂർ റോഡിന്റെ പണി ഏറ്റെടുത്ത കോൺട്രാക്ടർക്ക് പാർട്ട് പേയ്മെന്റ് നൽകിയിട്ടും കോൺട്രാക്ടറെക്കൊണ്ട് പണി ചെയ്യുന്നതിനോ പുതിയ ടെണ്ടർ ചെയ്ത പണി ആരംഭിക്കുന്നതിനോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകാത്തതിനെക്കുറിച്ച് അന്വേഷിക്കുന്നതിനും റോഡിന്റെ പണി പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി(ശ്രീ. പി. ജെ. ജോസഫ്): ചാത്തന്നൂർ മണ്ഡലത്തിലെ ആഫീസ്മുക്ക്-വിയ്യണ്ണൂർ റോഡിന്റെ നിർമ്മാണ പ്രവൃത്തി

ഏറ്റെടുത്ത കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് പുതിയ ടെൻഡർ ക്ഷണിച്ച് പണി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഹൈക്കോടതി വിധിപ്രകാരം മുൻ കരാറുകാരന് നൽകിയിരിക്കുന്ന രണ്ടാഴ്ച്ചത്തെ സമയപരിധി തീരുന്നമുറയ്ക്ക് പരമാവധി വേഗത്തിൽ പുതിയ ടെൻഡർ നടപടി പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(2) കാഡയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സംസ്ഥാനത്തെ പണി പൂർത്തിയായ ജലസേചന പദ്ധതികളുടെ ആയക്കെട്ട് പ്രദേശത്തിന്റെ സമഗ്രവികസനത്തിനു വേണ്ടി മൾട്ടി ഡിസിപ്ലിനറി സംവിധാനം നിലനിറുത്തുന്ന വിധത്തിൽ കാഡയുടെ പ്രവർത്തനം ശക്തിപ്പെടുത്തണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): 50 ശതമാനം കേന്ദ്ര സഹായം ലഭ്യമാകുന്ന കാഡ പദ്ധതിയിൽ ഈ സാമ്പത്തിക വർഷം മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ട് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽപ്പെട്ട 19237 ഹെക്ടർ ഭൂമി ഉപയോഗിച്ച് ആയക്കെട്ട് പ്രദേശത്തിന്റെ വികസന പ്രവർത്തനം ഉറപ്പുവരുത്താൻ കഴിയുമെന്നാണ് കരുതുന്നത്. കണ്ണൂർ, പാലക്കാട്, പത്തനംതിട്ട, കൊല്ലം ജില്ലകളിലെ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണമെന്ന സ്കീമിൽ കേന്ദ്ര സഹായം ലഭ്യമാക്കിക്കൊണ്ട് കുളങ്ങളുടെ നവീകരണവും പുനരുദ്ധാരണവും ഏറ്റെടുത്ത് നടപ്പിലാക്കുന്നത് കാഡയുടെ പുതിയ പദ്ധതിയാണ്. പ്രസ്തുത പദ്ധയിൻകീഴിൽ 3 ജില്ലകളിൽ 110 കോടി രൂപ ചെലവിൽ 988 കുളങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഭക്ഷ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെടുത്തി കനാലുകളുടെ അറ്റകുറ്റപ്പണികളും കുളങ്ങളുടെ പുനരുദ്ധാരണവും

മെച്ചപ്പെട്ട രൂപത്തിൽ നടത്തിവരുന്നു. യന്ത്രവൽകൃത കൃഷി രീതികളിൽ കർഷകർക്ക് മതിയായ പരിഗണന ലഭ്യമാക്കി തൊഴിൽസേന രൂപീകരിക്കാനുള്ള പദ്ധതി കാഡയ്ക്കുണ്ട്. കേന്ദ്ര സഹായം ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

### (3) സമ്പൂർണ്ണ വൈദ്യുതീകരണം

ശ്രീ. എ. എ. അസീസ്: ഇരവിപുരം നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഏപ്രിൽ മാസത്തിൽത്തന്നെ ഇരവിപുരം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതാണ്.

### (4) മൂന്നാറിലെ ഡി.എഫ്.ഒ. ക്വാർട്ടേഴ്സ് ടാറ്റാ ടീ-ക്ക് വിട്ടു കൊടുത്ത സംഭവം

ശ്രീ. വി. ഡി. സതീശൻ: 40 വർഷമായി മൂന്നാറിൽ വനം വകുപ്പ് ഉപയോഗിച്ചിരുന്ന 50 സെന്റ് സ്ഥലവും കെട്ടിടവും ഉൾപ്പെടുന്ന ഡി.എഫ്.ഒ. ക്വാർട്ടേഴ്സ് ടാറ്റ ടീ-ക്ക് വിട്ടുകൊടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കണം.

ശ്രീ. പി. സി. ജോർജ്: 40 കൊല്ലമായി മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ കൈവശമിരുന്ന കെട്ടിടവും സ്ഥലവും ടാറ്റയ്ക്ക് വിട്ട് കൊടുക്കുക എന്ന ആവശ്യം അംഗീകരിക്കാനാവില്ല. വനപ്രദേശം ഉൾപ്പെടെ അൻപതിനായിരം ഏക്കർ ടാറ്റാ കൈയടക്കി വച്ചിരിക്കുന്ന വസ്തുക്കൾ മുഴുവൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഏറ്റെടുക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : മൂന്നാറിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ താമസത്തിനായി 1978 നവംബർ മുതൽ മാസം 75 രൂപ വാടക നിശ്ചയിച്ച് ടാറ്റാ ഫിൻലേ കമ്പനി വനം വകുപ്പിന് നൽകിയ കെട്ടിടം സ്ഥിതിചെയ്യുന്നത് മൂന്നാറിലെ കെ.ഡി. എച്ച്. ക്ളബ്ബിന് സമീപം ഏകദേശം 50 സെന്റ് വിസ്തീർണ്ണമുള്ള കോമ്പൗണ്ടിലാണ്. ആ കെട്ടിടത്തിൽ 04.01.2007 വരെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ താമസിച്ചുവരികയായിരുന്നു. മൂന്നാറിലെ വ്യക്തികളുടേയും കമ്പനികളുടേയും കൈവശമുള്ള അധികഭൂമി നോക്കാൻ ബാധ്യസ്ഥനായ മൂന്നാർ ഡി.എഫ്.ഒ. കമ്പനി നൽകിയ താമസ സൗകര്യം ഉപയോഗിക്കുന്നത് ശരിയല്ല എന്ന കാരണത്താൽ 08-06-2007-ന് സർക്കാർ നിർദ്ദേശപ്രകാരം ഈ കെട്ടിടം കെ.ഡി.എ. പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് തിരികെ ഏൽപ്പിക്കുകയുണ്ടായി. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ അധീനതയിലുള്ള വാഗവരൈ ക്യാമ്പ് സ്റ്റേഷൻ കെട്ടിടം 31-03-1975-ൽ ഇരവികുളം വന്യജീവി സങ്കേതം നിലവിൽ വന്നതുമുതൽ ജെയിംസ് വില്ലെ ഗ്രൂപ്പിന്റെ വകയായിരുന്ന കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസ് കമ്പനിയിൽ നിന്നും വനംവകുപ്പ് ഏറ്റെടുത്തതാണ്. ടാറ്റ കമ്പനി കണ്ണൻ ദേവൻ ഹിൽ പ്രൊഡ്യൂസ് കമ്പനിയുമായി പങ്കാളിയായത് 1976-ൽ മാത്രമാണ്. പ്രസ്തുത കെട്ടിടം ടാറ്റ കമ്പനി നിർമ്മിച്ച് വനം വകുപ്പിന് നൽകിയതല്ല. 1975 മുതൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഈ കെട്ടിടം ടാറ്റ കമ്പനിക്ക് നൽകാൻ ഉദ്ദേശിക്കുന്നില്ല.

(5) മുടങ്ങിക്കിടക്കുന്ന വ്യവസായ സംരംഭങ്ങൾ

ശ്രീ. എ.കെ. ശശീന്ദ്രൻ: കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ മുടങ്ങിക്കിടക്കുന്ന കിനാലൂരിലെ ഇൻഡസ്ട്രിയൽ

ഗ്രോത്ത് സെന്റർ, knowledge park, മറൈൻ പാർക്ക്, ടൂൾ റൂം എന്നീ വ്യവസായ സംരംഭങ്ങൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): കോഴിക്കോട് ജില്ലയിലെ കിനാലൂർ ഗ്രോത്ത് സെന്ററിൽ ഒരു വ്യവസായ പദ്ധതി സ്ഥാപിക്കാൻ മലേഷ്യൻ സർക്കാർ സ്ഥാപനമായ സി.ഐ.ഡി.ബി. സന്നദ്ധത പ്രകടിപ്പിക്കുകയും ധാരണാപത്രം ഒപ്പിടുകയും ചെയ്തെങ്കിലും പദ്ധതി യാഥാർത്ഥ്യമായിട്ടില്ല. അവിടെ ഫുട് വെയർ മാനുഫാക്ചറിംഗ് വ്യവസായികൾ വ്യവസായം ആരംഭിക്കുന്നതിനുള്ള നിർദ്ദേശവുമായി കെ.എസ്.ഐ.ഡി.സി. -യെ സമീപിച്ചിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ ഭൂമി അലോട്ട് ചെയ്ത് ഈ വർഷംതന്നെ കിനാലൂരിൽ വ്യവസായങ്ങൾ സ്ഥാപിച്ചുതുടങ്ങും. രാമനാട്ടുകരയിലെ അഡ്വാൻസ്ഡ് ടെക്നോളജീസ് പാർക്കിൽ 70 ഏക്കർ സ്ഥലത്ത് ഏകദേശം 250 കോടി രൂപ മുതൽ 400 കോടി രൂപവരെ ചെലവിൽ പാർക്ക് സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടി ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ 25 ഏക്കർ സ്ഥലത്ത് ഫിഷറീസ് വകുപ്പിന്റേയും കേന്ദ്ര സർക്കാരിന്റേയും സഹായത്തോടുകൂടി മറൈൻ പാർക്ക് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാർക്കിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വ്യവസായ സംരംഭകർക്ക് ഉപകരണങ്ങൾ ഡിസൈൻ ചെയ്യുന്നതിനും നിർമ്മിക്കുന്നതിനും അനുബന്ധ മേഖലകളിൽ സവിശേഷ വൈദഗ്ദ്ധ്യം നൽകുന്നതിനുമായി കോഴിക്കോട് ജില്ലയിലെ ഒളവണ്ണ പഞ്ചായത്തിൽ സിഡ്കോയുടെ ആഭിമുഖ്യത്തിൽ ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ സ്ഥാപിക്കാനുദ്ദേശിക്കുന്നു. വ്യവസായ

പദ്ധതികൾ മുടക്കം കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(6) ഗവൺമെന്റ് ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. കെ.ബി. ഗണേഷ്കുമാർ: ചികിൽസയ്ക്കുവരുന്ന ഗർഭിണികളെ പത്തനാപുരം താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലേയ്ക്ക് പറഞ്ഞയച്ചിട്ട് സ്വകാര്യ പ്രാക്ടീസ് നടത്തുന്നതിനെക്കുറിച്ച് അന്വേഷിക്കണം. അവിടെ നടക്കുന്ന അഴിമതിയെയും ക്രമക്കേടുകളെയുംകുറിച്ച് അന്വേഷിക്കാനും ഗൈനക്കോളജിസ്റ്റിനെ സ്ഥലം മാറ്റാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): പുനലൂർ താലൂക്ക് ആശുപത്രിയിൽ ചികിത്സയ്ക്കു വരുന്ന ഗർഭിണികളെ എസ്.എ.ടി.യിലേയ്ക്ക് പറഞ്ഞയയ്ക്കുന്ന പ്രശ്നം ഉയർന്ന ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിക്കുന്നതാണ്. ഗൈനക്കോളജിസ്റ്റിന്റെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുണ്ടെങ്കിൽ റിപ്പോർട്ട് കിട്ടിയാലുടൻതന്നെ നടപടി സ്വീകരിക്കുന്നതാണ്. അൺആതറൈസ്ഡ് ആയിട്ട് പോകുന്ന ഡോക്ടർമാരുടേയും നഴ്സുമാരുടേയും ഉദ്യോഗസ്ഥരുടേയും കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(7) കോൾനില വികസനം

ശ്രീ. തോമസ് ഉണ്ണിയാടൻ: കേരളത്തിലെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി തൃശ്ശൂർ, പൊന്നാനി കോൾനിലങ്ങൾ ഉൾപ്പെടുത്തി കുട്ടനാട് പാക്കേജിന്റെ മാതൃകയിൽ ഒരു തൃശ്ശൂർ പാക്കേജ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): തൃശ്ശൂർ, പൊന്നാനി കോൾനില വികസനവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് രണ്ട് യോഗങ്ങൾ വിളിച്ചുചേർക്കുകയുണ്ടായി. തൃശ്ശൂർ കോൾനിലവും പൊന്നാനി കോൾനിലവും അടങ്ങുന്ന ഒരു സമഗ്ര കോൾ വികസന പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. കോൾ മേഖല അന്തർദേശീയ തലത്തിൽതന്നെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഒരു പ്രദേശമായി അംഗീകരിച്ചിട്ടുണ്ട്. ഇത് റാംസർ സൈറ്റ് കൂടിയായതിനാൽ പരിസ്ഥിതി സംരക്ഷണത്തിൽ ഊന്നിക്കൊണ്ടുള്ള വികസന പദ്ധതിക്കാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിൽ അടിസ്ഥാന വികസനത്തിനും വിത്തുൽപ്പാദനത്തിനും യന്ത്രവൽക്കരണത്തിനും ജൈവകൃഷി സമ്പ്രദായത്തിനും നെല്ലിന്റെ വിപണനത്തിനും മൂല്യവർദ്ധനവിനും പ്രാധാന്യം കൊടുക്കുന്നുണ്ട്. പച്ചക്കറി, മൽസ്യ കൃഷി, പശുവളർത്തൽ, താറാവുകൃഷി എന്നിവകൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. പദ്ധതി രൂപീകരണത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വരുന്ന മാസം അവസാനത്തോടുകൂടി ഈ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(8) അസംസ്കൃത വസ്തു ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

(ഇതുസംബന്ധിച്ച് ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. വി.എൻ. വാസവൻ: കോട്ടയം ജില്ലയിലെ നാട്ടകത്തുള്ള ട്രാവൻകൂർ സിമന്റ്സ് ഫാക്ടറി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുവായ കക്ക ലഭ്യമാക്കി ഈ ഫാക്ടറിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനും ഫാക്ടറി ലേ ഓഫ്-ലേയ്ക്ക് പോവാതിരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരിം): കോട്ടയം ജില്ലയിലെ നാട്ടകത്ത് 1946-ൽ സ്ഥാപിതമായ ട്രാവൻകൂർ സിമന്റ്സിലെ പ്രധാന ഉൽപ്പന്നമായ വൈറ്റ് സിമന്റ്സിന്റെ അസംസ്കൃത വസ്തു വെള്ളകക്കയാണ്. 2006 മുതൽ വേമ്പനാട്ടുകായലിൽ വൈക്കത്തിനടുത്ത് ടി.വി. പുരത്തു നിന്നാണ് ഇത് ഡ്രെഡ്ജ് ചെയ്തു ലഭ്യമാക്കിക്കൊണ്ടിരുന്നത്. ഈ ഭാഗത്തെ കക്കാശേഖരം തീരാറായതിനെത്തുടർന്ന് ഡ്രെഡ്ജിംഗ് വടുതല ഭാഗത്തേയ്ക്ക് മാറ്റാനുള്ള ശ്രമം പ്രാദേശിക എതിർപ്പിനെ തുടർന്ന് തടസ്സപ്പെടുകയുണ്ടായി. പോലീസ് ഉദ്യോഗസ്ഥർ നടത്തിയ ചർച്ചയ്ക്ക് ശേഷം ഡ്രെഡ്ജർ വടുതലയിലേയ്ക്ക് നീക്കുന്നതിന് വീണ്ടും ശ്രമിച്ചപ്പോൾ കുറെയാളുകൾ അത് തടസ്സപ്പെടുത്തിയതിനെ തുടർന്ന് ജില്ലാ കളക്ടർ ഡ്രെഡ്ജർ വലിക്കരുതെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് 7-12-2009-ന് ആലപ്പുഴ ജില്ലാകളക്ടറും 9-12-2009-ന് വ്യവസായ വകുപ്പുമന്ത്രിയും വിളിച്ചു ചേർത്ത യോഗങ്ങളിൽ സമരക്കാർ സഹകരിക്കാതിരുന്നതിനാൽ ആലപ്പുഴ ജില്ലാകളക്ടറോട് സർവ്വ കക്ഷിയോഗം വിളിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. വ്യവസായ വകുപ്പുമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും സാന്നിധ്യത്തിൽ 17-12-2009-ൽ നടന്ന സർവ്വ കക്ഷി യോഗത്തിലും 2-3-2010-ൽ നടന്ന ചർച്ചയിലും പ്രശ്നത്തിന് പരിഹാരം കാണാൻ കഴിഞ്ഞില്ല. പ്രശ്നം പരിഹരിക്കാൻ സർക്കാർ തലത്തിൽ ശ്രമം തുടരുകയാണ്. കക്ക ഖനനം നടക്കാത്തതിനാൽ കമ്പനിയിൽ സിമന്റ് ഉത്പാദനം നിലയ്ക്കുകയും കമ്പനി ലേ ഓഫ് ചെയ്യുന്നതിന് അനുമതിക്കായി സർക്കാരിന് അപേക്ഷ നൽകിയിരിക്കുകയുമാണ്. ഏതാണ്ട് 600-ൽപ്പരം ജീവനക്കാരുടെയും അത്രതന്നെ അനുബന്ധ ജോലിക്കാരുടെയും ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നത് ഗുരുതരാവസ്ഥ സംജാതമാക്കുമെന്നുള്ളതുകൊണ്ട്

എല്ലാ വിഭാഗം ആളുകളുടെയും സഹകരണത്തോടുകൂടി കക്ക ഖനനം പുന:സ്ഥാപിച്ച് ലേ ഓഫ് ഒഴിവാക്കാൻ സർക്കാർ ശ്രമിച്ചുവരികയാണ്.

(9) കാരായ്മ കുടിയാൻമാരുടെ സൗകര്യാവകാശങ്ങൾ

ശ്രീ. എ. പ്രദീപ്കുമാർ: കോഴിക്കോട്-പൊന്നാനി താലൂക്കുകളിൽ നിലനിൽക്കുന്ന കാരായ്മ കുടിയാൻമാരുടെ സൗകര്യാവകാശങ്ങൾ ഉറപ്പു വരുത്തുന്നതിന് നിയമ ഭേദഗതി കൊണ്ടുവരുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി.രാജേന്ദ്രൻ) കാരായ്മ-കുടിയാൻ മാരുടെ സൗകര്യാവകാശങ്ങൾ സംരക്ഷിക്കുന്നതിന് 1999-ൽ ദേഭഗതി നിയമം കൊണ്ടുവന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചതിനാൽ ഭരണഘടനയുടെ ഒൻപതാം പട്ടികയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. കാരായ്മ കുടിയാൻമാരുടെ സൗകര്യാവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമഭേദഗതി നടത്താമെന്ന് സഭയിൽ നൽകിയ ഉറപ്പ്, നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി പരിശോധിക്കുകയും സമിതിയുടെ ശുപാർശ പ്രകാരം കാരായ്മ കുടിയാൻമാർക്ക് പട്ടയവും സൗകര്യങ്ങളും നൽകുന്നതിനുള്ള പരിമിതികളും പഴുതുകളും ഇല്ലാതാക്കുന്ന രീതിയിൽ കേരള ഭൂ പരിഷ്കരണ നിയമത്തിൽ ഭേദഗതി നിർദ്ദേശിക്കുന്നതിനായി നിയമ വകുപ്പുമായി കൂടിയാലോചിക്കുകയുണ്ടായി കാരായ്മ കുടിയാൻമാരുടെ സൗകര്യാവകാശങ്ങൾ സംരക്ഷിക്കുന്നതിന് പുതിയ നിയമ ഭേദഗതി കൊണ്ടുവരാൻ 13-01-2010-ലെ മന്ത്രിസഭായോഗം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയാണ്.

(10) വന്യജീവികളുടെ ആക്രമണം

ശ്രീ. ബി.ഡി. ദേവസ്സി: ചാലക്കുടി നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി ഗ്രാമപഞ്ചായത്തുകളിൽ വനമേഖലയോട് ചേർന്ന് താമസിക്കുന്ന ആളുകൾക്ക് വന്യജീവികളുടെ ആക്രമണം മൂലം ജീവനും കൃഷിക്കും ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ജനങ്ങളുടെ സ്വൈര്യജീവിതം ഉറപ്പുവരുത്തുന്നതിനും വന്യജീവികളുടെ ആക്രമണത്തിനിരയാകുന്നവർക്കും കൃഷിക്കും വളർത്തുമൃഗങ്ങൾക്കും നാശം സംഭവിക്കുന്നവർക്കും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): വന്യജീവി ആക്രമണത്താലുണ്ടായ കൃഷിനാശത്തിന് 37,063 രൂപ കൃഷിക്കാർക്ക് നഷ്ടപരിഹാരമായി കൊടുത്തുകഴിഞ്ഞു. പുലി ആക്രമണത്തിൽപ്പെട്ടവർക്ക് ചികിത്സയ്ക്ക് അടിയന്തിര സഹായമായി 5000 രൂപ കൊടുത്തു. കാട്ടാന ശല്യം ഉണ്ടാകുന്ന പ്രദേശങ്ങളിൽ ലഭ്യമായ ഫണ്ട് ഉപയോഗപ്പെടുത്തി ട്രഞ്ച് കുഴിക്കുന്നതിനും സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. വന്യ ജീവികളുടെ ആക്രമണംമൂലം കൃഷിക്കും വളർത്തുമൃഗങ്ങൾക്കും നാശം സംഭവിക്കുന്നവർക്ക് 16-06-2009-ൽ ഇറക്കിയ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള നഷ്ടപരിഹാരം ലഭിക്കുന്നതാണ്. ചാലക്കുടി ഡിവിഷനിൽ 2009-10 നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളിൽ ആറെണ്ണത്തിന് 99,588 രൂപ വിതരണം ചെയ്തു. പതിനൊന്ന് അപേക്ഷകൾ തീർപ്പുകൽപ്പിച്ച് 69,451 രൂപ അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. എം.എൽ. എ. യും പഞ്ചായത്തുകളും മുൻകൈയെടുത്തുകൊണ്ട് വനം വകുപ്പുമായി ചേർന്ന് ട്രഞ്ച് കുഴിക്കുന്ന

തിനും സോളാർ ഫെൻസിംഗുകൾ സ്ഥാപിക്കുന്നതിനും കൂടുവച്ച് പുലിയെ പിടിക്കുന്നതിനും നടത്തുന്ന ശ്രമങ്ങൾക്ക് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എല്ലാ സഹായവും ഉണ്ടാകും.

(11) പൂരക്കളി കലാകാരൻമാർക്ക് ക്ഷേമ പെൻഷൻ

ശ്രീ. കെ. കുഞ്ഞിരാമൻ: വടക്കൻ കേരളത്തിലെ പൂരക്കളി കലാകാരൻമാർക്ക് ക്ഷേമനിധിയും 60 വയസ്സിനുശേഷം പെൻഷനും ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കലാകാരൻമാരുടെ പെൻഷന്. പൂരക്കളി കലാകാരൻമാർക്കും അർഹതയുണ്ട്. കേരളത്തിലെ കലാകാരൻമാരുടെ ക്ഷേമത്തിനായി രൂപീകരിക്കുന്ന സാംസ്കാരിക ക്ഷേമനിധിയുടെ പരിധിയിൽ പൂരക്കളി കലാകാരൻമാരെയും ഉൾപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(12) പുനരധിവാസ നടപടികൾ

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: കുറ്റ്യാടി ജലസേചന പദ്ധതിയുടെ റിസർവോയറിൽ ജലം സംഭരിക്കുന്നതിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കുറ്റ്യാടി ജലസേചന പദ്ധതിയിലെ മുതുകാട് ജലസംഭരണ പ്രദേശത്തെ തുരുത്തിൽ താമസിച്ചിരുന്ന കുടുംബങ്ങളെ കൂവപ്പോയി പ്രദേശത്ത് പുനരധിവസിപ്പിക്കുന്നതിന് ഉത്തരവ് നൽകുകയും ആവശ്യമായ നടപടി സ്വീകരിക്കാൻ പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയർ, താലൂക്ക് തഹസീൽദാർ എന്നിവർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അവർക്ക് നൽകുന്നതിനുള്ള ഭൂമിയുടെ

സർവ്വേ നടത്താൻ ആവശ്യമായി ഫണ്ട് ഇറിഗേഷൻ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആ തുക ഉപയോഗിച്ച് സർവ്വേ തുടരുന്നതിനും പുനരധിവസിപ്പിക്കപ്പെടുന്നവർക്ക് പട്ടയം നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(13) <u>ടൂറിസം ബ്രാൻഡ് അമ്പാസിഡർ</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. ജോസഫ് എം. പുതുശ്ശേരിയും നോട്ടീസ് നൽകിയിട്ടുണ്ട്)

<u>ശ്രീ. കെ. ബാബു:</u> ലോക പ്രശസ്ത സിനിമാ താരം ശ്രീ. അമിതാഭ് ബച്ചനെ കേരള ടൂറിസത്തിന്റെ ബ്രാൻഡ് അമ്പാസിഡറായി ക്ഷണിച്ചുകൊണ്ട് ആഭ്യന്തരവും ടൂറിസവും വകുപ്പുമന്ത്രി എഴുതിയ കത്തിന് അനുകൂലമായ മറുപടി ലഭിച്ചുവെങ്കിലും കേരള ഗവൺമെന്റ് അങ്ങനെയൊരു നടപടി സ്വീകരിക്കുകയില്ലെന്ന് മാർക്സിസ്റ്റുപാർട്ടി പോളിറ്റ്ബ്യൂറോ അംഗം ശ്രീ. സീതാറാം യെച്ചൂരി പ്രസ്താവിച്ചത് ശ്രീ. അമിതാഭ്ബച്ചനെ അപമാനിച്ചു എന്നുമാത്രമല്ല കേരളത്തെത്തന്നെ അപകീർത്തിപ്പെടുത്തുന്ന നടപടിയാണ്. കേരളത്തിന്റെ സാംസ്ക്കാരിക ഔന്നത്യത്തിന് കളങ്കം ചാർത്തുന്ന ഇത്തരമൊരു നിലപാട് ഗവൺമെന്റ് എടുത്തതിന്റെ കാരണം വ്യക്തമാക്കണം.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: ലോക പ്രശസ്ത സിനിമാതാരം ശ്രീ. അമിതാഭ് ബച്ചൻ കേരള സന്ദർശന വേളയിൽ ഒരു ചാനലിൽ നടത്തിയ അഭിമുഖത്തിൽ കേരളത്തിന്റെ ടൂറിസം ബ്രാൻഡ് അമ്പാസിഡറാകാൻ തയ്യാറാണോ എന്ന ചോദ്യത്തിന് അങ്ങനെയൊരു ആവശ്യം ഉയർന്നുവരികയാണെങ്കിൽ അക്കാര്യം അപ്പോൾ പരിശോധിക്കുന്നതായിരിക്കുമെന്ന് മറുപടി പറയുകയുണ്ടായി. ശ്രീ. അമിതാഭ് ബച്ചൻ പറഞ്ഞത് കേരള ടൂറിസത്തിന് ലഭിച്ച അംഗീ

കാരമാണെന്ന് ഗവൺമെന്റിന് തോന്നിയതിനാൽ അദ്ദേഹവുമായിട്ട് ആശയ വിനിമയം നടത്തി ഒരു തീരുമാനം കൈക്കൊള്ളുമെന്നാണ് പറഞ്ഞിട്ടുള്ളത്. കേരള ടൂറിസത്തെക്കുറിച്ചുപറഞ്ഞ നല്ല കാര്യങ്ങൾക്ക് നന്ദി പ്രകാശിപ്പിച്ചു കൊണ്ട് ശ്രീ. ബച്ചന് കത്തെഴുതുകയുണ്ടായി. അദ്ദേഹം ഗുജറാത്ത് തുടങ്ങി പല സംസ്ഥാനങ്ങളുടേയും അംബാസസിഡറാണെന്നും അങ്ങെനെയുള്ള ഒരു വ്യക്തിയെ കേരള ഗവൺമെന്റ് അംബാസിഡറായി നിയമിക്കുന്നത് ശരിയല്ല എന്നുള്ള വിവാദം ഉണ്ടായതിനാൽ ഗവൺമെന്റ് ഇതു സംബന്ധിച്ച് ഒരു തീരുമാനം എടുത്തിരുന്നില്ല. അമ്പാസിഡർ പദവി സംബന്ധിച്ചും അതിന്റെ ഉപാധികളെക്കുറിച്ചും കൂടുതൽ ആശയവിനിമയം നടത്തിയശേഷം തീരുമാനിക്കാനാണ് സർക്കാർ നിശ്ചയിച്ചത്. ഇതിനിടയിലുണ്ടായ വിവാദ പ്രശ്നങ്ങൾ കൂടി പരിഗണിച്ച് ഗവൺമെന്റ് തീരുമാനം കൈക്കൊള്ളുന്ന താണ്.

(14) സൗജന്യ ചികിത്സാ പദ്ധതി

ശ്രീ. പി.ടി.എ. റഹീം: ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകരിക്കുകയും ഗവൺമെന്റ് ഗ്രാന്റ് കൊടുക്കുകയും ചെയ്യുന്ന അനാഥാലയങ്ങളിലെ അന്തേവാസികൾക്കുകൂടി ഗവൺമെന്റ് പ്രഖ്യാപിച്ച സൗജന്യ ചികിത്സാ സഹായം നൽകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): അനാഥാലയങ്ങളിലെ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് ഏത് അസുഖം വന്നാലും സൗജന്യ ചികിത്സ കൊടുക്കാനുള്ള സംവിധാനം ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'താലോലം' പദ്ധതിയിലുൾപ്പെടുത്തി ലഭ്യമാക്കുന്നതാണ്.

(15) മദ്യനിരോധനം

ശ്രീ. കെ.സി. ജോസഫ്: യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തെ മദ്യത്തിന്റെ പിടിയിൽ നിന്നും മോചിപ്പിക്കാൻ മദ്യനിരോധനം ഏർപ്പെടുത്തിയെങ്കിലും ഇന്ന് കേരളീയ സമൂഹം മദ്യത്തിന്റെ പിടിയിലേയ്ക്ക് വഴുതിമാറുകയാണ്. ഓരോ വർഷവും മദ്യവില്പനയുടെ തോത് വർദ്ധിക്കുകയാണ്. ഇപ്പോൾ സാമൂഹ്യ ബാധ്യതയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ഓഫീസുകളിൽ ബിവറേജസ് കോർപ്പറേഷൻ ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങുകയാണ്. മദ്യപാനം വർദ്ധിക്കുന്നതുമൂലം സമൂഹത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിക്കുകയും കലാപങ്ങളുണ്ടാവുകയും ആത്മഹത്യകൾ പെരുകുകയും ചെയ്യുന്ന അപകടകരമായ സ്ഥിതിവിശേഷം മുന്നിൽക്കണ്ട് കേരളത്തിൽ മദ്യവ്യാപനം തടയാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): കേരളത്തിൽ ചാരായ നിരോധനം തുടരുന്നതോടൊപ്പംതന്നെ വ്യാജമദ്യത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചതാണ് കെ.എസ്.ബി.സി. വഴിയുള്ള വിദേശമദ്യ വ്യാപാരം വർദ്ധിച്ചതിന് കാരണം. അതിന്റെ ഫലമായി മദ്യവിൽപ്പനയിൽ ഗവൺമെന്റിന് 80 ശതമാനം വരുമാനമുണ്ടാക്കുന്നതിനും വ്യാജമദ്യത്തിന്റെ ഒഴുക്ക് തടയുന്നതിനും സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും സാധിച്ചു. കോർപ്പറേറ്റ് മാനേജുമെന്റിന്റെ സോഷ്യൽ റെസ്പോൺസിബിലിറ്റി നിറവേറ്റുന്നതിന്റെ ഭാഗമായിട്ടാണ് ജില്ലാ പഞ്ചായത്തോ ഗവൺമെന്റോ ഹെൽത്ത് ഡിപ്പാർട്ടുമെന്റോ മുൻകൈ എടുക്കുന്ന സന്ദർഭത്തിൽ ഡീ-അഡിക്ഷൻ

സെൻ്ററുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ബി.സി. സാമ്പത്തികസഹായം നൽകുന്നത്.

(16) വോട്ടർ പട്ടിക പുതുക്കൽ

ശ്രീ. മുരളി പെരുനെല്ലി: 2010-ലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പിന് 1995-ലെ വോട്ടർ പട്ടികയുടെ സി.ഡി.യാണ് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിരിക്കുന്നത്. 1995-ലെ വോട്ടർ പട്ടികയുടെ അടിസ്ഥാനത്തിൽ 35 വയസ്സിനുതാഴെവരുന്ന മുഴുവൻ വ്യക്തികളേയും വീണ്ടും വോട്ടർ പട്ടികയിൽ ചേർക്കേണ്ടിവരുന്ന അശാസ്ത്രീയവും അപ്രായോഗികവുമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് 1995-ലെ സി.ഡി. പിൻവലിക്കുന്നതിനും ഏറ്റവും അടുത്ത തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടികയുടെ സി.ഡി. കൊടുത്ത് പുതിയ വോട്ടർമാരെ ചേർക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ എറ്റവും അവസാനം നടത്തിയ തെരഞ്ഞെടുപ്പിനുപയോഗിച്ച വോട്ടർ പട്ടിക അടിസ്ഥാന രേഖയാക്കിയാണ് അടുത്ത തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് കരട് വോട്ടർ പട്ടിക തയ്യാറാക്കുന്നത്. ഇതിനായി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് നൽകിയിരിക്കുന്ന സി.ഡി.കളിൽ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പുസമയത്ത് നിലവിലുണ്ടായിരുന്ന വീടുകളുടേയും വോട്ടർമാരുടേയും വിവരങ്ങൾ ഉൾപ്പെടുന്നുണ്ട്. എന്നാൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയിരിക്കുന്ന ഡേറ്റാബേസ് 1995-ലെ വാർഡ് നിയോജകമണ്ഡലം അടിസ്ഥാനമാക്കിയായതിനാൽ പ്രസ്തുത

സി.ഡി.യിലുള്ള വിവരങ്ങൾ 2010-ലെ ഡീ-ലിമിറ്റേഷൻ അനുസരിച്ച് രൂപീകൃതമാകുന്ന വാർഡ് നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ക്രമീകരിക്കുന്ന നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്. പ്രസ്തുത നടപടികൾ പൂർത്തിയായതിനുശേഷം 2010-ലെ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള അവകാശവാദങ്ങൾ കേട്ട് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കാനാണ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്.

(17) <u>ഹേമജയുടെ കൊലപാതകം</u>

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി</u>: കണ്ണൂർ സിറ്റി ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ അധ്യാപിക ഹേമജ ടീച്ചർ കഴിഞ്ഞ സെപ്റ്റംബർ 5-ന് സ്വന്തം ഭർത്താവിനാൽ ക്രൂരവും പൈശാചികവുമായ രീതിയിൽ കൊല ചെയ്യപ്പെടുകയുണ്ടായെങ്കിലും കൊലയാളിയെ പിടികൂടുന്നതിൽ പോലീസ് വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല. പ്രതിയെ എത്രയുംവേഗം പിടികൂടുന്നതിനും പ്രതിയുടെ സ്വത്ത് കണ്ടുകെട്ടുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): കണ്ണൂർ സിറ്റി ഗവൺമെന്റ് ഹൈസ്കൂൾ അധ്യാപികയായ ഹേമജയെ 5-9-2009-ന് ഉരുവച്ചാലിലെ സ്പിന്നിംഗ് മില്ലിനുസമീപം ഓമ്നി വാനിൽ കഴുത്തറുത്ത് കൊലചെയ്യപ്പെട്ട നിലയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഹേമജയുടെ ഭർത്താവിനെ ഒന്നാം പ്രതിയാക്കിയും സുഹൃത്തിനെ രണ്ടാം പ്രതിയാക്കിയും കണ്ണൂർ സിറ്റി പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും രണ്ടാംപ്രതിയെ 10-9-2009-ന് അറസ്റ്റു ചെയ്യുകയുമുണ്ടായി. ഇതുസംബന്ധിച്ച് കണ്ണൂർ സിറ്റി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം

നടത്തുകയും പ്രതിക്കെതിരെ ലൂക്കൗട്ട് നോട്ടീസ് പുറപ്പെടുവിക്കുകയും കോടതി ഉത്തരവുപ്രകാരം ഒന്നാം പ്രതിയുടെ പേരിൽ പള്ളിക്കുന്നിലെ നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിലെ ലോക്കറിലുണ്ടായിരുന്ന 266 ഗ്രാം സ്വർണ്ണാഭരണങ്ങൾ കണ്ടെത്തുകയും സ്ഥാവര ജംഗമസ്വത്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരികയുമാണ്.

(18) <u>പ്രാഥമിക സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി</u>

<u>ശ്രീ. എം.എം. മോനായി</u>: സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രാഥമിക സഹകരണ ബാങ്ക് ജീവനക്കാരുടെ അർഹതപ്പെട്ട പെൻഷൻ യഥാസമയം ലഭ്യമാക്കുന്നതിനും പെൻഷൻ ഫണ്ടിലേയ്ക്കുള്ള കുടിശ്ശിക വിഹിതത്തിന്റെ പലിശയ്ക്കുള്ള പ്രതിമാസ കോമ്പൗണ്ടിംഗ് സമ്പ്രദായം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. ജി. സുധാകരൻ):</u> പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ പേരിൽ സംഘം അടയ്ക്കുന്ന പെൻഷൻ കോൺട്രിബ്യൂഷനും പലിശയുമാണ് പെൻഷൻ പറ്റുന്നവർക്കും ആശ്രിതർക്കും പെൻഷനായി കൊടുക്കുന്നത്. പെൻഷൻ പറ്റുന്ന ജീവനക്കാരന്റെ പേരിൽ പെൻഷൻ ഫണ്ടിൽ കുടിശ്ശികയൊന്നുമില്ലെങ്കിൽ ബോർഡിന് അപേക്ഷ സമർപ്പിച്ചതിന്റെ അടുത്തമാസം മുതൽതന്നെ പെൻഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. പെൻഷൻ ഫണ്ട് കൃത്യമായി അടയ്ക്കുന്നവർക്ക് പലിശയില്ല, പെൻഷൻ ഫണ്ടിൽ കുടിശ്ശിക വരുത്തുന്നവർക്ക് നിയമത്തിൽ 24% പലിശയുണ്ടായിരുന്നത് ഇപ്പോൾ 12% ആയി കുറച്ചിട്ടുണ്ട്. വാർഷിക കോമ്പൗണ്ടിംഗാണ് ഇപ്പോൾ നിലവിലുള്ളത്. 2009 അവസാനത്തോടുകൂടി

ജില്ലാ സഹകരണ ബാങ്കിലും സംസ്ഥാന സഹകരണ ബാങ്കിലും പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(19) സ്വകാര്യ ചിട്ടിമേഖല നേരിടുന്ന പ്രശ്നം

ശ്രീ. എ.സി. മൊയ്തീൻ: കേരളത്തിലെ സ്വകാര്യ ചിട്ടി വ്യവസായ മേഖല നേരിടുന്ന കർശനവും സങ്കീർണ്ണവുമായ നിബന്ധനകൾ ലഘൂകരിക്കാൻ ചിട്ടി കമ്പനികൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും കുറിവിളിച്ച് അത് കമ്പനികളിൽ നിക്ഷേപിക്കാതെ ട്രഷറികളിൽ നിക്ഷേപിച്ച് സംസ്ഥാനത്തെ വികസനാവശ്യങ്ങൾക്കുകൂടി പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 1975-ലെ കേരള ചിട്ടി ആക്ട് പ്രകാരം കേരളത്തിനു പുറത്ത് രജിസ്റ്റർ ചെയ്യുകയും 20 ശതമാനമോ അതിലധികമോ ചിറ്റാളന്മാർ സംസ്ഥാനത്ത് താമസക്കാരാകുകയും ചെയ്യുന്നിടത്ത് ചിട്ടിത്തലയാൾ ഈ സംസ്ഥാനത്ത് ശാഖ തുറക്കേണ്ടതും 1975-ലെ ചിട്ടി ആക്ടിൻ കീഴിൽ അനുവാദവും രജിസ്ട്രേഷനും നേടേണ്ടതുമാകുന്നു. അതിനുവേണ്ടി 2002 -ൽ കേരള ഫിനാൻസ് ആക്ടിൽ ഭേദഗതിവരുത്തിയിട്ടുണ്ട്. ഇതിനെതിരെ കേരള ചിട്ടി ഫോർമാൻ അസോസിയേഷന്റെ പരാതി ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് തള്ളിക്കളയുകയും തുടർന്ന് ഇവർ ഡിവിഷൻ ബഞ്ചിൽ സമർപ്പിച്ച അപ്പീലിന്മേൽ അനുകൂല വിധി ഉണ്ടാവുകയും ചെയ്തു. ഇതിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസ് അഞ്ചംഗ ഭരണ ഘടന ബഞ്ചിന്റെ പരിഗണനയിലാണ്. 2002-ലെ കേരള ഫിനാൻസ് ആക്ട് നടപ്പിൽ വന്നാൽ അനധികൃതമായി നടത്തിവരുന്ന ചിട്ടിക്കമ്പനികൾ

ഗവൺമെന്റിന്റെ കീഴിൽ കൊണ്ടുവരുന്നതിനും ചിറ്റാളന്മാർക്ക് സംരക്ഷണം നൽകുന്നതിന സഹായിക്കും.

**റിപ്പോർട്ട് സമർപ്പണം**

1. പബ്ളിക് അക്കൗണ്ടസ് കമ്മിറ്റിയുടെ നൂറ്റി ഒൻപത് മുതൽ നൂറ്റി പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.
2. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനാലാമതും പതിനഞ്ചാമതും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.
3. ഹർജികൾ സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
4. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമതും അഞ്ചാമതും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.
5. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

(1) <u>2009-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ</u>

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):</u> 2009-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി)</u>: 2009-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ

(ഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ബിൽ പിൻവലിക്കണമെന്ന ആവശ്യം

ശ്രീ. കെ.എം. മാണി: 1950-ലെ തിരുവിതാംകൂർ -കൊച്ചി ഹിന്ദുമത സ്ഥപനങ്ങൾ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും കൊച്ചി ദേവസ്വം ബോർഡിന്റെയും ഭരണനിർവ്വഹണം നടത്തിക്കൊണ്ടു പോന്നിരുന്നത്. ഹിന്ദുസമുദായങ്ങളിലെ എല്ലാ പ്രധാന വിഭാഗങ്ങളിൽ നിന്നുമുള്ള പ്രാതിനിധ്യം ഉറപ്പാക്കാൻ വേണ്ടി എന്ന കാരണം പറഞ്ഞുകൊണ്ട് തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലെ അംഗസംഖ്യ മൂന്നിൽനിന്നും ഏഴാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിലേയ്ക്കായി യാതൊരു അധിക ചെലവും ഉണ്ടാകാനിടയില്ലെന്നാണ് ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നത്. മാത്രമല്ല ബില്ലിലെ ക്ലാസ്സ് (6), (11) എന്നീ വകുപ്പുകൾ വഴി ഗവൺമെന്റിന് ചില പ്രത്യേക അധികാരങ്ങൾ നൽകിയിരിക്കുകയാണ്. ഇതിനെല്ലാം അധിക ചെലവ് വരുമെന്നിരിക്കെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല എന്ന് പറയുന്നത് ശരിയല്ല. മറ്റൊരു കാര്യം, ഭരണഘടനയുടെ ആർട്ടിക്കിൾ 207 (3) അനുസരിച്ച് ഗവർണ്ണറുടെ റെക്കമേന്റേഷൻ ഇല്ലാതെ ഈ ബിൽ ചർച്ചയ്ക്കെടുക്കുന്നത്

ശരിയല്ല. ഈ ബില്ലിലെ (6), (11) വകുപ്പുകൾ ഭരണഘടനയ്ക്ക് എതിരായിട്ടുള്ള വകുപ്പുകളാണ്. ബോർഡിന്റെ തീരുമാനങ്ങളെ പുന:പരിശോധിക്കാൻ കേരള ഹൈക്കോടതിക്കുമാത്രമേ അവകാശമുള്ളൂ എന്നിരിക്കെ തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളെ നോക്കുകുത്തിയാക്കിക്കൊണ്ട് ബോർഡുകളുടെ അധികാരം കവർന്നെടുക്കുകയാണ് ഈ വകുപ്പുകളിലൂടെ ചെയ്യുന്നത്. 1949-ൽ തിരുവിതാംകൂർ മഹാരാജാവും കൊച്ചി മഹാരാജാവും ഇന്ത്യാഗവൺമെന്റുമായി ഒപ്പു വച്ച കവനന്റിന്റെ ചുവടു പിടിച്ചാണ് 1950-ൽ ഹിന്ദു റിലീജ്യസ് ആക്ട് കൊണ്ടു വന്നിരിക്കുന്നത്. ഇപ്പോൾ കൊണ്ടു വന്നിരിക്കുന്ന നിയമം ആ കവനന്റിന് വിരുദ്ധമാണ്. ഭരണഘടനയുടെ 363-ാം വകുപ്പു പ്രകാരം കോടതിക്കുപോലും കവനന്റിൽ മാറ്റം വരുത്താൻ അധികാരമില്ല. കവനന്റ് ഭേഗദഗതി ചെയ്യാൻ കവനന്റിലെ പാർട്ട്നേഴ്സിനു മാത്രമേ അധികാരമുള്ളൂ; കേരള നിയമസഭയ്ക്ക് ആ കവനന്റിൽ മാറ്റം വരുത്താൻ അധികാരമില്ല. ബോർഡ് മെമ്പർമാരുടെ എണ്ണം മൂന്നിൽ നിന്നും ഏഴാക്കുന്നതും കവനന്റിന് വിപരീതമാണ്. ബോർഡ് മെമ്പർമാരുടെ യോഗ്യതയെപ്പറ്റി യാതൊന്നും പറയാതെ സർക്കാരിന് ഇഷ്ടമുള്ളവരെ നോമിനേറ്റ് ചെയ്യുന്ന നടപടിയും ശരിയല്ല. ബില്ലിലെ ക്ലാസ്സ് 2(ബി) യിലേയും ക്ലാസ്സ് 7(ബി) യിലേയും വ്യവസ്ഥകൾ നിലവിലുള്ള മൂലനിയമത്തിന് വിപരീതമാണ്. ഹിന്ദു സമുദായത്തിന്റെ മതസംബന്ധമായ കാര്യങ്ങളിൽ ഇടപെട്ട്, കവനന്റിന് വിരുദ്ധമായി ബോർഡിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഗവൺമെന്റ് കയ്യടക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> 1949-ൽ തിരുവിതാംകൂർ മഹാരാജാവും കൊച്ചി മഹാരാജാവും ഇന്ത്യാഗവൺമെന്റ് പ്രതിനിധിയുമായി

ഒപ്പു വച്ച കവനന്റിൽ ഭേദഗതി വരുത്തിക്കൊണ്ടു മാത്രമേ ബോർഡുകളുടെ അംഗസംഖ്യ മൂന്നിൽ നിന്നും ഏഴാക്കാൻ സാധിക്കൂ. കവനന്റിനകത്തെ പ്രധാനപ്പെട്ട വകുപ്പുകൾ റീഓപ്പൺ ചെയ്യാൻ പാർലമെന്റിന് മാത്രമേ അധികാരമുള്ളൂ; അതല്ലാതെ സംസ്ഥാന സർക്കാരിന് ഒരു നിയമത്തിലൂടെ മെമ്പർമാരുടെ എണ്ണം കൂട്ടാൻ യാതൊരു അധികാരവുമില്ല. ബില്ലിലെ ക്ലാസ്സ് (6)-ൽ "34 ബി" എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ കവനന്റിന് എതിരാണ്. അത് അൾട്രാവയേഴ്സാണ്, ഫണ്ടമെന്റൽ റൈറ്റ്സിനെ ചോദ്യം ചെയ്യുന്നതാണ്. അതുപോലെ 11-ാം വകുപ്പിൽ 76 (സി) എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർത്തതും പിൻവലിക്കണം. ഇവിടെ സർക്കുലേറ്റ് ചെയ്തിരിക്കുന്ന ഈ ബിൽ മതനിരപേക്ഷതയ്ക്ക് എതിരാണ്. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സഞ്ചിതനിധിയിൽനിന്ന് ഒരു പൈസയും കൊടുക്കേണ്ടി വരില്ലെന്നത് ശരിയാണ്. ബോർഡുകൾക്കാണ് അധിക ബാധ്യത വരുന്നത്. തിരുവിതാംകൂർ മഹാരാജാവും കൊച്ചി മഹാരാജാവും ഇൻഡ്യാ ഗവൺമെന്റ് പ്രതിനിധിയും കൂടി ഒപ്പുവച്ച കവനന്റിന്റെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ് ഈ ബിൽ. ഇത് മതനിരപേക്ഷതയെ ഇല്ലാതാക്കുന്നു. സർക്കാരിന് ഒരു പൈസയും ചെലവില്ലാതിരിക്കെ, സർക്കാർ ദേവസ്വം ഭരണത്തിൽ കയ്യേറാൻ ശ്രമിച്ചിരിക്കുന്നു. ദേവസ്വം ബോർഡിന്റെ ഭരണം വെട്ടിപ്പിടിക്കാനുള്ള നടപടി ഉണ്ടായാൽ സഭയ്ക്കകത്തും പുറത്തും അതിശക്തമായ എതിർപ്പിനെ നേരിടേണ്ടിവരും.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: ഭരണഘടനയുടെ ആർട്ടിക്കിൾ 131 അനുസരിച്ച് സുപ്രീംകോടതിക്കുപോലും ദേവസ്വം ഭരണത്തിൽ കൈകടത്താനാവില്ല. ഭരണഘടന നിലവിൽ വരുന്നതിനുമുമ്പ് ഒരു കവനന്റ്

ഉണ്ടെങ്കിൽത്തന്നെ അതിൽ മാറ്റം വരുത്താൻ ആർക്കും അധികാരമില്ല. ആർട്ടിക്കിൾ 131-ന് വിരുദ്ധമായി ഒരു നിയമനിർമ്മാണം നടത്താൻ ഈ ലെജിസ്ലേച്ചർ കോമ്പീറ്റന്റ് അല്ല. ആർട്ടിക്കിൾ 25 (2)(എ) അനുസരിച്ച് ഇത് റെസ്ട്രിക്ട് ചെയ്യാനും റെഗുലേറ്റ് ചെയ്യാനുമുള്ള നിയമനിർമ്മാണമുണ്ടാക്കാം. എന്നാൽ ബോർഡിലെ അംഗസംഖ്യ 3 എന്നത് 7 ആക്കി വർദ്ധിപ്പിക്കുന്നതിലൂടെ അംഗസംഖ്യ റെസ്ട്രിക്ട് ചെയ്യുകയല്ല വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ആർട്ടിക്കിൾ 25 (2)-(എ) യ്ക്ക് കടകവിരുദ്ധമാണ് ഈ ബിൽ. സഞ്ചിതനിധിയിൽനിന്ന് പണം എടുക്കുന്നില്ലെങ്കിലും ഇത് ദേവസ്വത്തിന്റെ നിധിയിലെ ചെലവിനെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ആർട്ടിക്കിൾ (14) അനുസരിച്ച് ഇക്വാളിറ്റിക്കുള്ള അവകാശം ഭൂരിപക്ഷം വരുന്ന ഹിന്ദുക്കൾക്കും ഉണ്ട്; എന്നാൽ ഈ ബില്ലിലൂടെ ആ സമുദായത്തിന് ഇക്വാളിറ്റിക്കുള്ള അവകാശം നിഷേധിക്കുകയാണ് ചെയ്യുന്നത്. ഈ ബിൽ ചർച്ച ചെയ്യാനോ പാസ്സാക്കാനോ ഈ ലെജിസ്ലേച്ചർ കോമ്പീറ്റന്റല്ല.

ശ്രീ. കെ. സി. ജോസഫ്: ഈ സഭയ്ക്ക് ഈ നിയമം പാസ്സാക്കാനുള്ള കോംപീറ്റൻസിയില്ല. 1949-ലെ കവനന്റിൽ കക്ഷിയായത് തിരുവിതാംകൂർ മഹാരാജാവും കൊച്ചി മഹാരാജാവും ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ പ്രതിനിധിയുമാണ്. ആ കവനന്റിന്റെ ആർട്ടിക്കിൾ 8(ഇ) അനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ മൂന്ന് അംഗങ്ങൾ ഉണ്ട്. ആ കവനന്റിൽ കക്ഷിയല്ലാത്ത കേരള ഗവൺമെന്റിന് ഈ ബോർഡിലെ അംഗസംഖ്യ മാറ്റാൻ അധികാരമില്ല; ആ നിയമത്തിന്റെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്താനും അധികാരമില്ല. ഹൈന്ദവ വിശ്വാസികളുടെ

വികാരങ്ങളെ വ്രണപ്പെടുത്താൻ പാടില്ല. ഇവിടെ അനാവശ്യമായി സംഘർഷ ങ്ങളും പ്രശ്നങ്ങളുമുണ്ടാക്കാൻ ഈ സർക്കാർ ഈ ബില്ലിലൂടെ ബോധപൂർവ്വം ശ്രമിക്കുകയാണ്. കഴിഞ്ഞ 57 വർഷമായി ബോർഡുകളുടെ കർത്തവ്യങ്ങളിലും ഉത്തരവാദിത്വങ്ങളിലും ഗണ്യമായ വർദ്ധനവുണ്ടായി ട്ടുണ്ട് എന്ന് ഈ ബില്ലിൽ പറയുന്നത് ശരിയല്ല. ബോർഡിലെ അംഗസംഖ്യ വർദ്ധിപ്പിച്ചത് ജോലിഭാരം വർദ്ധിച്ചതുകൊണ്ടല്ല; മറിച്ച് ദൈവവിശ്വാസി കളല്ലാത്ത രാഷ്ട്രീയക്കാരെ ബോർഡിൽ തിരുകി കയറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് എന്നുവേണം കരുതാൻ. ഈ സഭയ്ക്ക് കോംപീറ്റൻസി ഇല്ലാത്ത ഒരു നിയമനിർമ്മാണം ഇവിടെ നടത്താൻ പാടില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: ആർട്ടിക്കിൾ 25 (2)(എ) പ്രത്യക്ഷത്തിൽ ഗവൺമെന്റിന് ചില അവകാശങ്ങൾ നൽകുന്നുവെന്നുള്ള തോന്നലുണ്ടാക്കു മെങ്കിലും ആ അവകാശങ്ങൾ ഏതുവരെയാണെന്ന് കൃത്യമായി റെസ്ട്രിക്ട് ചെയ്തിട്ടുണ്ട്. സെക്യുലറിസം നിലനിർത്തുന്നതിനുവേണ്ടി, റിലീജിയസ് പ്രാക്ടീസ് റഗുലേറ്റ് ചെയ്യാൻവേണ്ടിയുള്ള അധികാരം മാത്രമാണ് സ്റ്റേറ്റിന് കൊടുത്തിരിക്കുന്നത്. അതായത് ഒരു ക്ഷേത്രവുമായി ബന്ധപ്പെട്ട് ഒരു ക്രമസമാധാന പ്രശ്നമുണ്ടാകുന്ന തരത്തിൽ എന്തെങ്കിലും ഒരു പ്രശ്നമുണ്ടാ യാലും ഒരു സമൂഹത്തിന് ദോഷകരമായ രീതിയിൽ എന്തെങ്കിലും നടന്നാലും ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമോ അവരുടെ ആരോഗ്യ പ്രശ്നങ്ങളെ ബാധിക്കുന്ന തരത്തിലുള്ള ഒരു വിഷയമോ ഉണ്ടായാലും സംസ്ഥാന ഗവൺമെന്റിന് അതിൽ ഇടപെട്ട് റെഗുലേറ്റ് ചെയ്യാനുള്ള അധികാരമുണ്ട്. എന്നാൽ റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷനുകളുടെ മുഴുവൻ അധികാരങ്ങളും ഒന്നിച്ച് കവർന്നെടുക്കാനുള്ള അവകാശം ഒരു

സംസ്ഥാന സർക്കാരിനും ഇല്ലെന്ന് സുപ്രീംകോടതി വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഭരണഘടനയുടെ പ്രിയാമ്പിൾ പ്രകാരം ഏതെങ്കിലും ഒരു മത വിഭാഗത്തിന്റെ സ്വത്തും അവരുടെ കീഴിലുള്ള ക്ഷേത്രങ്ങളും ഭരിക്കാനുള്ള അവകാശവും അവരുടെ അധികാരങ്ങൾ കയ്യടക്കാനുള്ള സ്വാതന്ത്ര്യവും സെക്യുലർ സ്റ്റേറ്റിന് ഇല്ല; അതുകൊണ്ട് ഈ ബില്ലിലെ ക്ലോസ് 6-ഉം 11-ഉം ആർട്ടിക്കിൾ 25, 26 എന്നിവയുടെ വയലേഷനാകുമെന്നുമാത്രമല്ല അത് ഭരണ ഘടനയുടെ അടിസ്ഥാന ഘടനയെ ബാധിക്കുന്ന വിഷയവുമാകും. ഈ രണ്ട് വകുപ്പുകൾ പ്രാബല്യത്തിൽ വരുന്നതോടെ ഏത് മതവിഭാഗത്തിന്റേയും ദേവാലയങ്ങളോ സ്വത്തുക്കളോ ഏറ്റെടുക്കാനും അവയുടെ അധികാരം കയ്യടക്കാനും അതിനെ നിയന്ത്രിക്കാനുമുള്ള അധികാരം സംസ്ഥാന ഗവൺമെന്റിന് ഉണ്ടാകുകയാണ് ചെയ്യുന്നത്. സംസ്ഥാന സർക്കാരിന് അതിനുള്ള ലെജിസ്ലേറ്റീവ് കോംപീറ്റൻസിയില്ല. ഇത് ആർട്ടിക്കിൾ 25, 26 എന്നിവയ്ക്കും ഭരണഘടനയുടെ പ്രിയാമ്പിളിൽ പറഞ്ഞിരിക്കുന്ന പ്രഖ്യാപിത തത്വങ്ങൾക്കും എതിരാണ്.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): 2009-ലെ തിരുവിതാംകൂർ കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിൽ ബോർഡുകളിലെ അംഗസംഖ്യ മൂന്നിൽ നിന്ന് ഏഴായി വർദ്ധിപ്പിക്കാനുള്ള വ്യവസ്ഥ 1949-ലെ കവനന്റിലെ ആർട്ടിക്കിൾ 8 (ഇ)-ലെ വ്യവസ്ഥയിൽ നിന്ന് വ്യത്യസ്തമായതിനാൽ ഭരണഘടനയിലെ 254 (2)-ാം അനുഛേദത്തിലെ വ്യവസ്ഥകൾക്കനുസരണമായി ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ആവശ്യമുള്ളതുകൊണ്ട് പ്രസ്തുത ബിൽ ഈ നിയമസഭയിൽ അവതരിപ്പിക്കുന്നതിനായി ഇൻഡ്യാ ഗവൺമെന്റിന്റെ മുൻകൂർ അനുമതി

മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിൽനിന്ന് 2009 ജനുവരി ഒന്നാം തീയതി ലഭ്യമാക്കി. ബില്ലിലെ 6-ാം ഖണ്ഡത്തിലും 11-ാം ഖണ്ഡത്തിലും ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ കവനന്റിലേയോ ഭരണഘടനയുടെ 25, 26 അനുച്ഛേദങ്ങളിലേയോ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. ഇതേ വ്യവസ്ഥ 1928-ലെ ഗുരുവായൂർ ദേവസ്വം ആക്ടിലും 1951-ലെ മദ്രാസ് ഹിന്ദു റിലീജിയസ് ചാരിറ്റബിൾ ആന്റ് എൻഡോവ്മെന്റ് ആക്ടിലും നിലവിലുള്ളതാണ്. 2007-ൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി അയച്ച ഈ ബില്ലിനെ സംബന്ധിച്ച് ഒരുപാട് കത്തിടപാടുകളും പരിശോധനയും കേന്ദ്രസർക്കാർ നടത്തിയിട്ടുണ്ട്. ഇവിടെ പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ച വിഷയങ്ങളെല്ലാം കേന്ദ്രസർക്കാരിന്റെ വിവിധ സമിതികൾ പരിശോധിച്ചതിനുശേഷമാണ് ഇത് അവതരിപ്പിക്കാനുള്ള അനുമതി നൽകിയത്. ഈ ബിൽ മതസാഹോദര്യത്തിനും മതേതരത്വത്തിനും കടകവിരുദ്ധമാണ് എന്ന ആക്ഷേപം ശരിയല്ല. ഇപ്പോൾ ദേവസ്വം ബോർഡുകൾക്ക് നിരവധി ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങളും വിപുലമായ പ്രവർത്തനാവശ്യങ്ങളും ഉള്ളതുകൊണ്ട് അതിന്റെ പ്രവർത്തനത്തിന് കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതും ബോർഡംഗങ്ങളുടെ അംഗസംഖ്യ വർദ്ധിപ്പിക്കേണ്ടതും ആവശ്യമായിട്ടുണ്ട്. സംസ്ഥാന ഖജനാവിൽ നിന്നും ഒരു പൈസയും ഇതിനുവേണ്ടി ഉപയോഗപ്പെടുത്തേണ്ടതില്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണറുടെ അനുമതി ആവശ്യമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: ഈ നിയമം ഭരണഘടനാപരമായി നിലനിൽക്കാത്തതിനാൽ ഗവൺമെന്റ് നിലപാട് പുനഃപരിശോധിക്കണം.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ ചർച്ച ചെയ്യാവുന്നതാണ്.

(ബിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ച് വരികയും ചെയ്തു.)

**റൂളിംഗ്**

മി. സ്പീക്കർ: 1949-ലെ ഇൻഡ്യാ ഗവൺമെന്റും തിരു-കൊച്ചി രാജാവും തമ്മിൽ ഒപ്പുവച്ച കവനന്റിന് വിരുദ്ധമാണ് എന്നാണ് ഇതിലെ പ്രധാന ഒബ്ജക്ഷൻ. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുമതി ലഭിച്ചിട്ടുണ്ട്. ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 25, 26 നൽകുന്ന മതസ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റമാണെന്നതാണ് മറ്റൊരു ഒബ്ജക്ഷൻ. എന്നാൽ ഈ ബിൽ ആ ഉദ്ദേശ്യത്തോടുകൂടിയല്ല കൊണ്ടുവന്നത് എന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ ഒബ്ജക്ഷൻസ് നിലനിൽക്കുന്നതല്ല. ബിൽ അവതരിപ്പിക്കാവുന്നതാണ്.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ബിൽ സഭയുടെ പരിഗണനയ്ക്കുവേണ്ടി സമർപ്പിക്കുന്നു. ഇവിടെ സൂചിപ്പിച്ച ആശങ്കകളൊന്നും നിലനിൽക്കുന്നതല്ല. അംഗസംഖ്യ വർദ്ധിപ്പിക്കുക എന്നുള്ളതും ഗവൺമെന്റിന് ഇടപെടാനുള്ള അധികാരവുമാണ് ഈ ബില്ലിൽ പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ. ഗുരുവായൂർ, കൂടൽ മാണിക്യം, മലബാർ ദേവസ്വം ബോർഡുകളിലെ അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ബോർഡുകളുടെ നിയന്ത്രണത്തിലും

ദൈനംദിന പ്രവർത്തനങ്ങളിലും ഇടപെടാനോ ക്ഷേത്രവിശ്വാസങ്ങളെ അലങ്കോലപ്പെടുത്താനോ ഉള്ള യാതൊരു നീക്കവും ഇന്നുവരെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടേയോ ഉദ്യോഗസ്ഥരുടേയോ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടായാൽ അത് ചർച്ച ചെയ്യുന്നതിനുള്ള അവസരം ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് ഗവൺമെന്റ് ഒരു തരത്തിലും ബോർഡിന്റെ പ്രവർത്തന ങ്ങളെ എതിർത്തിട്ടില്ല. ഈ രണ്ട് കാര്യങ്ങളും മതേതരത്വത്തിന് എതിരാകു മെന്ന അഭിപ്രായം ശരിയല്ല. കഴിഞ്ഞ 57 വർഷമായി ബോർഡുകളുടെ കർത്തവ്യങ്ങളിലും ഉത്തരവാദിത്തങ്ങളിലും ഗണ്യമായ വർദ്ധനവുണ്ടായി ട്ടുണ്ട്. ഭക്തജനങ്ങളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യ ത്തിൽ ക്ഷേത്രങ്ങളിലും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലുമൊക്കെ ക്ലേശകരമായ ഉത്തരവാ ദിത്വം ബോർഡിന് നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ഇവ ലഘൂകരിക്കുന്നതിനും ഹിന്ദു സമുദായത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള പ്രാതിനിധ്യത്തോടെ സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനുംവേണ്ടിയാണ് അംഗസംഖ്യ വർദ്ധിപ്പി ക്കാൻ തീരുമാനിച്ചത്. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ബോർഡിൽ മൂന്ന് അംഗങ്ങളെ നിയമിക്കുന്നതിനും ആവശ്യമുണ്ടെങ്കിൽ ഒരു അന്വേഷണ കമ്മീഷനെ നിയമിക്കുന്നതിനും മാത്രമേ സർക്കാരിന് അധികാരമുള്ളൂ. ബോർഡുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച പരാതികൾ പരിശോധിക്കു ന്നതിനും നിർദ്ദേശം നൽകുന്നതിനും സർക്കാരിന് അധികാരമില്ലാത്തതിനാൽ എല്ലാ പരാതിയും കോടതി മുമ്പാകെ പോകേണ്ട സ്ഥിതിയാണുള്ളത്. സർക്കാരിന് റിവിഷണൽ അധികാരം നൽകുന്ന ഒരു വ്യവസ്ഥ ബില്ലിൽ

ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചത് അതുകൊണ്ടാണ്. ഈ ബിൽ സഭയുടെ അനുമതിക്കുവേണ്ടി സമർപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 2009-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സഭ ഏകകണ്ഠമായി ബിൽ അംഗീകരിക്കേണ്ടതാണ്. നിയമസഭയ്ക്ക് പുറത്ത് ചില വർഗ്ഗീയ ശക്തികൾ എന്തോ ഒരു അപകടം വരാൻ പോകുന്നു എന്നുള്ള തെറ്റായ സന്ദേശം രാജ്യത്തെ ഹിന്ദു ജനവിഭാഗങ്ങൾക്ക് നൽകുന്നുണ്ട്. ഇൻഡ്യയിലെ ഭരണഘടന സെക്കുലർ ആയ ഭരണഘടനയാണ്. എല്ലാ മതങ്ങളിലും വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനും ഒരു പൗരന് അവകാശമുണ്ട്. ഭരണഘടന ദൈവവിശ്വാസികൾക്ക് മാത്രമുള്ളതല്ല. ഭരണഘടനാ നിർമ്മാണ സഭയിൽ പ്രമുഖരായിട്ടുള്ള അംഗങ്ങൾ ഇൻഡ്യൻ ഭരണഘടന തുടങ്ങേണ്ടത് ദൈവ നാമത്തിലായിരിക്കണം എന്ന ഭേദഗതി അവതരിപ്പിച്ചെങ്കിലും അതെല്ലാം വോട്ടിനിട്ട് നിരാകരിച്ച ഒരു മതനിരപേക്ഷതയാണ് രാജ്യത്ത് നില നിൽക്കുന്നത്. ഭരണഘടന അനുസരിച്ച് മതവിശ്വാസം പ്രചരിപ്പിക്കാനും ആദരിക്കാനും ഉള്ള സ്വാതന്ത്ര്യവും അവകാശവും ഒരു പൗരനുണ്ട്. പൊതുസമാധാന നില സംരക്ഷിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം രാഷ്ട്രത്തിനുമുണ്ട്. ഈ അധികാരം അനുസരിച്ച് മുമ്പും ഈ നിയമസഭ കോമ്പീറ്റന്റ് ആയിട്ടുള്ള നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. 1949-ലെ കവനന്റിന് വ്യത്യസ്ഥമായ ഒരു നിലപാട് സ്വീകരിക്കാൻ അധികാരമുണ്ടോ എന്നുള്ളതാണ് പ്രശ്നം. ഇൻഡ്യാ ഗവൺമെന്റിന്റെ പ്രതിനിധി ആയ ശ്രീ. വി. പി. മേനോന്റെ സാന്നിദ്ധ്യത്തിലാണ് തിരുവിതാംകൂർ-കൊച്ചി രാജാക്കന്മാരടക്കം യോജിച്ച് ഈ കവനന്റ് ഉണ്ടാക്കിയത്. ആ കവനന്റിന്

വ്യത്യസ്തമായി ഒരു നിയമനിർമ്മാണം നടത്താൻ കഴിയില്ലായിരുന്നുവെങ്കിൽ പ്രിവിപഴ്സ് നിറുത്തലാക്കാൻ സാധിക്കുമായിരുന്നില്ല. തിരുവിതാംകൂർ ദേവസ്വംബോർഡിലെ അംഗസംഖ്യ മൂന്നായി പരിമിതപ്പെടുത്തിയിട്ടു ണ്ടെങ്കിലും ദേവസ്വത്തിന്റെ ഭരണം കാര്യക്ഷമമായി നടത്തുന്നതിന് അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്. തെറ്റായ വാദഗതികൾ ഉന്നയിച്ചുകൊണ്ടാണ് പ്രതിപക്ഷം ഈ ബില്ലിനെ എതിർക്കുന്നത്. നിലവിലുള്ള ദേവസ്വം നിയമ ത്തിൽ ജനങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ച് ആവശ്യമായിട്ടുള്ള മാറ്റങ്ങൾ വരുത്തുന്നതിനാണ് ഈ ഭേദഗതി ബിൽ സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ ബില്ലിൽ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തെ അസംഖ്യം ക്ഷേത്രങ്ങളുടെ ഭരണ നിർവ്വഹണം നിർവ്വഹിക്കുന്നതിന് മൂന്നംഗ ഭരണ സമിതി എന്ന് നിശ്ച യിച്ചിട്ടുള്ളത് പ്രായോഗികമല്ലാത്തതുകൊണ്ട് ഭരണസമിതിയിലെ അംഗസംഖ്യ വർദ്ധിപ്പിക്കണം. ഗുരുവായൂർ ദേവസ്വം ബോർഡിലേയും കൂടൽമാണിക്യം ദേവസ്വം ബോർഡിലേയും അംഗസംഖ്യ കൂടുതലാണ്. ശബരിമലയിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന വിശ്വാസികളടക്കമുള്ള നാലു കോടിയോളം ഭക്തജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നല്ല നിലയ്ക്കുള്ള ഭരണമാണ് തിരുവിതാംകൂർ ദേവസ്വം കൈക്കൊണ്ടിട്ടുള്ളത്. കേരളത്തിലെ വിവിധ ക്ഷേത്രങ്ങളിൽ വിശ്വാസിക ളായി എത്തുന്നവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്. ആ ഉത്തരവാദിത്തം പൂർണ്ണമായ അർത്ഥത്തിൽ നിർവ്വഹിച്ചി ട്ടുമുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി സംസ്ഥാനം ഭരിക്കുന്ന അവസരങ്ങളിൽ ദേവസ്വം വകുപ്പിൽ അഴിമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഈ ഭേദഗതി ബിൽ ദേവസ്വം ബോർഡിന്റെ ഭരണം കാര്യക്ഷമമായി, ജനാധിപത്യപരമായി, അഴിമതിരഹിതമായി മാറ്റുന്നതിനു

വേണ്ടിയുള്ളതാണ്. മലബാർ ദേവസ്വം ബോർഡിന്റെ പരിധിക്കകത്ത് വരുന്ന ക്ഷേത്രങ്ങളുടെ ഭരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി കൂടുതൽ അംഗങ്ങൾ ആ ബോർഡിൽ ഉണ്ട്. ദേവസ്വം ബോർഡിന്റെ ഭരണം അഴിമതി രഹിതമാക്കാൻ ഗവൺമെന്റ് ദേവസ്വം ബോർഡിന്റെ കാലാവധി രണ്ട് വർഷമാക്കി ചുരുക്കാനും ബോർഡ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ ഉദ്യോഗസ്ഥരുടെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കാനും ബോർഡുകളിൽ അഴിമതിയോ ക്രമക്കേടോ ധനദുർവിനിയോഗമോ ദുർഭരണമോ ശ്രദ്ധയിൽപെട്ടാൽ ഹൈക്കോടതി ജഡ്ജിയേയോ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയേയോ അന്വേഷണ കമ്മീഷനായിട്ട് നിയമിക്കാനും സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥകളും ഈ ഭേദഗതി നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള അവലോകന റിപ്പോർട്ടുകൾ ദേവസ്വം കമ്മീഷണർ സർക്കാരിന് ലഭ്യമാക്കുന്നതിനും ഈ ഭേദഗതി ബില്ലിൽ വ്യവസ്ഥയുണ്ട്. എൻ.എസ്.എസ്. ഉൾപ്പെടെയുള്ള സംഘടനകൾ അവരുമായി ചർച്ച ചെയ്യണമെന്ന ആവശ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് ദേവസ്വം ബോർഡുകൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ഇൻഡ്യയിൽ ഈ മേഖലയിലുള്ള ചില നിയമങ്ങൾ നിലവിലുണ്ട്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ വിവിധ ദേവസ്വങ്ങളെ അടിസ്ഥാനപ്പെടുത്തി പാസ്സാക്കപ്പെട്ട നിയമമാണ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ആക്ട്. അംഗസംഖ്യ കൂടുതലുള്ള ദേവസ്വം ബോർഡുകൾ ഈ രാജ്യത്ത് പലയിടത്തുമുണ്ട്. രാജസ്ഥാനിലെ പുരി ജഗന്നാഥ ക്ഷേത്രത്തെ സംബന്ധിച്ച നിയമത്തിൽ 12 കമ്മിറ്റി അംഗങ്ങളുണ്ട്. പുരിയിലെ രാജാവാണ് കമ്മിറ്റിയുടെ

ചെയർമാൻ. ചെയർമാൻ മൈനറാണെങ്കിൽ സംസ്ഥാന ഗവൺമെന്റിനു തന്നെ പകരം ചെയർമാനെ നിശ്ചയിക്കാൻ അധികാരം നൽകുന്ന വ്യവസ്ഥ ആ നിയമത്തിലുണ്ട്. ഈ നിയമത്തിൽ കമ്മിറ്റിയെ പിരിച്ചുവിടാനുള്ള അധികാരം ഗവൺമെന്റിന് കൊടുക്കുകയാണ്. ദേവസ്വം ബോർഡിന്റെ കമ്മിറ്റിയെ പിരിച്ചുവിടാൻപോലും സംസ്ഥാന ഗവൺമെന്റിന് അധികാര മുണ്ടെങ്കിലും ഇവിടെ അതൊന്നും പ്രയോഗിക്കുന്നില്ല. ദേവസ്വം വകുപ്പിന്റെ ഫണ്ടുപയോഗിച്ച് വാണിജ്യാടിസ്ഥാനത്തിൽ കൃഷി നടത്താനോ അല്ലെങ്കിൽ മറ്റേതെങ്കിലും കച്ചവട സ്ഥാപനങ്ങൾ നടത്താനോ യാതൊരു നിർദ്ദേശവും ഈ ബില്ലിൽ കൊണ്ടുവന്നിട്ടില്ല. ഈ ബില്ലിനെക്കുറിച്ച് അങ്ങേയറ്റം തെറ്റായ പ്രചരണം നടത്തി ജനങ്ങളെ ഈ ഗവൺമെന്റിനെതിരെ അണിനിരത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. അതുപോലെതന്നെ ദേവസ്വം വക സ്വത്തുക്കളുടെ വിനിയോഗം സംബന്ധിച്ച് ബോർഡിന് തീരുമാനമെടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ പ്രയർ സാങ്ഷൻ വേണം. പക്ഷേ കേരളത്തിലെ ഗവൺമെന്റ് ദേവസ്വം ഭരണത്തിൽ അപ്രകാരം ഇടപെടുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ക്ഷേത്രങ്ങൾ സംബന്ധിച്ചും ദേവസ്വം ബോർഡിനെ സംബന്ധിച്ചും ഭരണം കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി വ്യക്തമായ നിയമമുണ്ട്. ആ നിയമങ്ങളിൽ ഭരണ സമിതിയിലെ അംഗ സംഖ്യയേയും പരിമിതപ്പെടുത്തുന്നുണ്ട്. ഈ ബിൽ സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടു ള്ളതാണ്. ഈ ബില്ലിനകത്ത് സർക്കാരിന് പരിമിതമായിട്ടുള്ള റിവിഷൻ അധികാരം മാത്രമാണുള്ളത്. ഭക്തന്മാരുടെ പണം ദുരുപയോഗം ചെയ്യപ്പെ ടാതിരിക്കാനും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുമാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> 2009-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദേവസ്വം ബോർഡിന്റെ ഭരണസമിതിയിലേയ്ക്കുള്ള അംഗസംഖ്യ 3 എന്നുള്ളത് 7 ആക്കി വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല. ബില്ലിന്റെ 34(ബി) യിൽ ബോർഡിന്റെ യാതൊരു തീരുമാനവും പുന:പരിശോധിക്കാനും തിരുത്തണമെന്നു പറയാനും അത് ക്യാൻസൽ ചെയ്ത് ഓർഡർ ഇടാനുമുള്ള അധികാരം ഗവൺമെന്റിനുണ്ട്. ക്യാബിനറ്റ് തെരഞ്ഞെടുത്ത ആളുകൾ എടുക്കുന്ന തീരുമാനം ഏകപക്ഷീയമായി റദ്ദാക്കാനുള്ള ഒരു ഓർഡർ ഇടാൻ ഗവൺമെന്റിന് അധികാരം നൽകുന്നത് ജനാധിപത്യപരമല്ല. റിവിഷനുള്ള അധികാരം സെക്രട്ടറിക്കോ മന്ത്രിക്കോ കൊടുക്കുന്നത് ശരിയല്ല. ജനാധിപത്യത്തെ തകർക്കുന്ന ഒരു നിയമനിർമ്മാണം ആണിത്. ദേവസ്വം ആക്ടിലെ പ്രൊവിഷനനുസരിച്ച് ഡിസ്പ്യൂട്ട്സിൽ തീർപ്പു കൽപ്പിക്കാനുള്ള അധികാരം ഹൈക്കോടതിക്കാണ്. ആ അധികാരം ഗവൺമെന്റ് എടുക്കുകയാണ്. എൻ.എസ്.എസ്, അയ്യപ്പസേവാസംഘം മുതലായ ഹൈന്ദവ സംഘടനകളുടെ അഭിപ്രായം കൂടി ആരാഞ്ഞതിനുശേഷമേ ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ പാടുള്ളൂ. ഇവിടെ കോടതിയുടെ അധികാരം എടുക്കുന്നതിനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. സ്റ്റേറ്റ് ലെജിസ്ലേച്ചറിന് ഈ നിയമം പാസ്സാക്കാനുള്ള കോമ്പിറ്റൻസിയില്ല. കോൺസ്റ്റിറ്റ്യൂഷൻ രൂപം കൊളളുന്നതിന് മുൻപുള്ള കവനന്റ് പരിശോധിക്കാതെയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഈ ബിൽ പാസ്സായാലും കോടതി അത് ദുർബലപ്പെടുത്താനുള്ള സാധ്യതയുണ്ട്. നിയമത്തിന് നല്ല ക്ലാരിറ്റി വേണം. കോൺസ്റ്റിറ്റ്യൂഷന് വിധേയമായി മാത്രമേ ലെജിസ്ലേച്ചറിന് നിയമ നിർമ്മാണം നടത്താൻ

അധികാരമുള്ളു. ദേവാലയങ്ങളിൽ തീവ്രവാദം, വർഗ്ഗീയവാദം, അതിനുള്ള ട്രെയിനിംഗ്, അതിനുള്ള പ്രചരണ കേന്ദ്രമായി നിലനിർത്തുക തുടങ്ങിയ കാര്യങ്ങൾ വിശ്വാസികളുടെ വിശ്വാസത്തിനെതിരായതിനാൽ അത്തരം കാര്യങ്ങളിൽ നിയമനിർമ്മാണം ആവശ്യമാണ്. അത്തരത്തിലുള്ള നിയമത്തിന് എല്ലാവിധ പിന്തുണയും പ്രതിപക്ഷത്തുനിന്നുമുണ്ടാകും. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കുന്ന കാര്യത്തിൽ ഒരു ചർച്ചയും സമവായവും ആവശ്യമാണ്. ഈ ബില്ലിൽ മൂലനിമത്തിലെ 4-ാം വകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് ബോർഡിന്റെ അംഗസംഖ്യ മൂന്ന് എന്നുള്ളത് ഏഴ് ആക്കുന്നതും ക്ലാസ് (6) പ്രകാരം 34 (ബി) എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കുന്നതും കവനന്റിന് വിരുദ്ധമാണ്; ഭരണഘടനാവിരുദ്ധമാണ്. മതസ്ഥാപനങ്ങളുടെ അധികാരങ്ങൾ പിടിച്ചുപറ്റാൻവേണ്ടിയുള്ള മാർക്സിസ്റ്റുപാർട്ടിയുടെ ഗൂഢാലോചനയുടെ ഭാഗമാണ് ഈ ബിൽ. ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് വിടണം.

ശ്രീ. വി.എസ്. സുനിൽ കുമാർ: ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ ബിൽ കൊണ്ടുവരുന്നത് ഹിന്ദുമത വിശ്വാസികളുടെ പവിത്രതയെ ചോദ്യം ചെയ്യാനോ ആരാധനാ അനുഷ്ഠാനങ്ങളെ ചോദ്യം ചെയ്യാനോ അതിൽ ഇടപെടാനോ അല്ലെന്ന് ഈ നിയമത്തിലെ വ്യവസ്ഥകൾ പരിശോധിച്ചാൽ അറിയാൻ കഴിയും. വ്യത്യസ്ത ഭരണകൂടങ്ങൾ പല ഘട്ടങ്ങളിലായി കൊണ്ടുവന്ന നിയമങ്ങളിലൂടെയാണ് എല്ലാ ഹിന്ദു വിഭാഗത്തിൽപ്പെട്ടവർക്കും ക്ഷേത്രങ്ങളിൽ പോകാനും പൂജ നടത്താനുമുള്ള അധികാരം കിട്ടിയത്. ക്ഷേത്ര പ്രവേശന വിളംബരത്തിലും ഗുരുവായൂർ ക്ഷേത്ര സത്യാഗ്രഹത്തിലും വൈക്കം സത്യാഗ്രഹത്തിലും കമ്മ്യൂണിസ്റ്റുകാരും പങ്കെടുത്തിരുന്നു എന്നുള്ളത് ചരിത്രത്തിന്റെ ഭാഗമാണ്.

ഇന്ത്യയിലെ മതനിരപേക്ഷതയെ സംരക്ഷിക്കാൻവേണ്ടി ഏറ്റവും ശക്തിയായി ഇടപെട്ടുകൊണ്ടിരിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ പാർട്ടികൾ മാത്രമാണ്. ഈ നിയമത്തെ സംബന്ധിച്ച് വളരെ നിരുത്തരവാദപരവും അപകടകരവുമായ കാര്യങ്ങളാണ് പ്രതിപക്ഷം ഈ നാട്ടിൽ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഒരിക്കലും മതേതരത്വം തകർക്കാൻ ശ്രമിച്ചിട്ടില്ല. ഹിന്ദു സമുദായങ്ങളിൽപ്പെട്ട മിക്കവാറും എല്ലാ പ്രധാന വിഭാഗങ്ങളുടേയും പ്രാതിനിധ്യം ഉറപ്പാക്കുന്ന സാമൂഹ്യ നീതിക്കുവേണ്ടിയാണ് അംഗസംഖ്യ മൂന്നിൽ നിന്നും എഴാക്കി വർദ്ധിപ്പിക്കുന്നത്. കേരളത്തിലെ ക്ഷേത്രങ്ങളുടെ ഭരണനിർവ്വഹണവും അമ്പലങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളും അവയുടെ ഭരണപരമായ കാര്യങ്ങളും സുതാര്യമായി നടപ്പാക്കാൻ വേണ്ടിയുള്ള ഒരു നിയമമാണിത്. ബോർഡ് അംഗങ്ങളിൽ ഒരു പട്ടികജാതിക്കാരൻ ഉണ്ടായിരിക്കണമെന്ന മാറ്റം വരുത്തിയത് സാമൂഹ്യ നീതിയുടെ വിപ്ലവകരമായ ഒരു മാറ്റം കൂടിയാണ്. അവർണ്ണർക്കും സവർണ്ണർക്കും ഒരുപോലെ ക്ഷേത്രങ്ങളുടെ ഭരണകാര്യങ്ങളിൽ പങ്കാളികളാകാനുള്ള സ്വാതന്ത്ര്യം ഈ ബില്ലിലൂടെ ലഭിക്കുകയാണ്. ദേവസ്വംബോർഡിൽ നിലനിന്നിരുന്ന അഴിമതികൾ തുടച്ചു നീക്കാൻ ഗവൺമെന്റ് എടുത്ത നിലപാടുകൾ സ്വാഗതാർഹമാണ്. ഈ ബിൽ ഹിന്ദു വിരുദ്ധമാണെന്ന തരത്തിൽ ജനങ്ങൾക്കിടയിൽ തെറ്റായ പ്രചരണം നടത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. 1949-ലെ കവനന്റിനകത്തെ കാലഹരണപ്പെട്ട ചില വ്യവസ്ഥകളെ ഉദ്ധരിച്ചുകൊണ്ട് ഈ നിയമം നടപ്പിലാക്കുന്നതിലുള്ള അസഹിഷ്ണുതയാണ് പ്രതിപക്ഷാംഗങ്ങൾ ഇവിടെ പ്രകടമാക്കിയത്. മതനേതാക്കന്മാരുടെ അഭിപ്രായനിർദ്ദേശങ്ങൾക്കനുസരിച്ച് കേരള നിയമസഭ

മുന്നോട്ടു പോകണമെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. വ്യത്യസ്ത മേഖലകളിലുള്ള ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട്, എല്ലാ ഹിന്ദു സമുദായങ്ങൾക്കും ഇതിനകത്ത് അംഗമാകാൻ കഴിയുന്ന വിധത്തിൽ, ക്ഷേത്ര ഉപദേശകസമിതിയുടെ ഒരു പ്രതിനിധിക്കുപോലും ഇതിൽ അംഗമാകാൻ കഴിയുന്ന രീതിയിൽ, എല്ലാവർക്കും അവസരം കൊടുത്തുകൊണ്ടുള്ള വളരെ സുതാര്യമായ ഒരു നിയമമാണിത്. ഹിന്ദുമത സ്ഥാപനവുമായി ബന്ധപ്പെട്ടുകൊണ്ട് ഹിന്ദുമത വിശ്വാസികളുടെ പവിത്രമായ ആചാരാനുഷ്ഠാനങ്ങൾ അവരുടെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ കഴിയുന്ന നിയമമാണിത്.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> മതേതര രാജ്യമായ ഇന്ത്യയിൽ ഭരണഘടന പ്രകാരം ഓരോ മനുഷ്യനും അവന്റെ ഇഷ്ടാനുസരണം ജീവിക്കാനും മതവിശ്വാസമനുസരിച്ച് പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യം നിലനിൽക്കുമ്പോൾ മതസ്ഥാപനങ്ങളുടെ കാര്യങ്ങളിൽ ഇടപെടാൻ ഒരു ഗവൺമെന്റിന് അവകാശമുണ്ടോ ഇല്ലയോ എന്നതാണ് ഇവിടത്തെ പ്രധാന വിഷയം. ഹൈന്ദവാചാരങ്ങളേയും അനുഷ്ഠാനങ്ങളേയും മാനിക്കുന്ന ഒരു സംവിധാനം കേരളത്തിൽ ഉണ്ടാകണം. ക്ഷേത്ര വിശ്വാസികളായ ഹിന്ദുക്കളെ മാത്രമേ ക്ഷേത്ര കാര്യങ്ങളിൽ പങ്കെടുപ്പിക്കാൻ പാടുള്ളൂ. ക്ഷേത്രത്തിന്റെ ഭരണം അവിശ്വാസികളെ ഏൽപ്പിക്കരുത്. ഹിന്ദുക്കളുടെ വിവിധ വിഭാഗങ്ങൾക്ക് പ്രാതിനിധ്യം കൊടുക്കണമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇടതുമുന്നണിയുടെ വിവിധ കക്ഷികൾക്ക് വീതം വയ്ക്കലാണ്. തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലെ അംഗസംഖ്യ ഏഴാക്കി വർദ്ധിപ്പിച്ചിരിക്കുന്നത് ബോർഡിന്റെ സാമ്പത്തികഭാരം വർദ്ധിപ്പിക്കും. സാമ്പത്തികഭാരം വർദ്ധിക്കുമ്പോൾ സ്വന്തമായി ഒരു ഹെഡ് ഓഫ് അക്കൗണ്ട്

ഇല്ലാത്ത ദേവസ്വം ബോർഡിന് ഗവൺമെന്റ് കൂടുതൽ തുക ഗ്രാന്റായി നൽകേണ്ടിവരും. അപ്പോൾ ബില്ലിന്റെ ഉദ്ദേശകാരണങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യം തെറ്റായി മാറും. ദേവസ്വം ബോർഡിൽ ഒരു സാമൂഹ്യ പരിഷ്കർത്താവിനെ ഉൾപ്പെടുത്തുന്നതിനുപകരം വേദ പണ്ഡിതന്മാരിൽനിന്നോ ആചാരാനുഷ്ഠാനങ്ങളിൽ താന്ത്രികവിദ്യ അറിയുന്നവരിൽ നിന്നോ ക്ഷേത്രകല അറിയുന്നവരിൽ നിന്നോ ഒരാളെ ഉൾപ്പെടുത്തണം. അതുപോലെ മന്ത്രിമാരിൽ നിന്ന് 4 അംഗങ്ങൾ എന്നുപറയുന്നതിലൂടെ സർക്കാരിന്റെ കയ്യിൽ ദേവസ്വം ബോർഡിന്റെ ഭരണം ഒതുക്കാനുള്ള ഒരു ശ്രമമാണ് നടത്തിയിരിക്കുന്നത്. ക്ഷേത്രങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിന് ക്ഷേത്ര ക്ഷേമസമിതികളും മറ്റുമുള്ളതുകൊണ്ട് ബോർഡ് അംഗങ്ങൾക്ക് പ്രത്യേക അദ്ധ്വാനഭാരമൊന്നുമുണ്ടാകുന്നില്ല. രണ്ട് വനിതാ അംഗങ്ങളിൽ ഒരാൾ ഗായികയായിരിക്കണം എന്നു പറയുന്നതിലും ഗൂഢോദ്ദേശമുണ്ട്. ഹൈന്ദവ വിഭാഗങ്ങളെ തമ്മിൽ തല്ലിക്കാനുള്ള ഒരു ആസൂത്രിത പരിപാടിയാണ് അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്. ദേവസ്വം ബോർഡുകളുടെ അധികാരം മുഴുവൻ സർക്കാരിൽ നിക്ഷിപ്തമാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. രാഷ്ട്രീയത്തിനതീതമായി നിയമവാഴ്ചയും നീതിയും ഉറപ്പുവരുത്തുമെന്ന പ്രതീക്ഷയിലാണ് കോടതിയെ ആഡിറ്റിംഗ് നടത്താനും എന്തെങ്കിലും അപാകതയുണ്ടെങ്കിൽ ഒരു കമ്മീഷനെ വച്ച് ഭേദഗതികൾ വരുത്താനും മുമ്പ് രാജാക്കന്മാർ തീരുമാനിച്ചത്. അതനുസരിച്ചാണ് ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷനെ നിയോഗിച്ചത്. അദ്ദേഹത്തിന്റെ ഗുണകരമായ സജഷൻസ് നടപ്പിൽ വരുത്താൻ ശ്രമിച്ചതിന്റെ ഫലമായി കുറെ മാറ്റങ്ങൾ വന്നു. എന്നാൽ ആ അധികാരം കൂടി സർക്കാർ കയ്യടക്കാനുള്ള ശ്രമമാണ്

നടത്തുന്നത്. ദേവസ്വം ബോർഡ് സർക്കാരിന്റെ ഡിപ്പാർട്ടുമെന്റായി മാറാൻ പോകുകയാണ്. ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ ശബരിമലയിൽ അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അഞ്ചു ലക്ഷം രൂപ വരെ ധനസഹായം നൽകിയതിൽനിന്നും സർക്കാരിന്റെ ഗൂഢോദ്ദേശം മനസ്സിലായിട്ടുണ്ട്. ശബരിമലയിൽ വരുന്ന ഭക്തന്മാരിൽ നിന്നും കോടിക്കണക്കിന് രൂപ സംസ്ഥാന ഖജനാവിന് ലഭ്യമാകുമ്പോൾ അവരെ സംരക്ഷിക്കേണ്ട ചുമതല സർക്കാരിനുണ്ട്. രാജാക്കന്മാർ ക്ഷേത്ര ഭരണം നടത്തിയിരുന്ന കാലത്ത് കലാകാരന്മാരെയും ക്ഷേത്രങ്ങളെയും പ്രോത്സാഹിപ്പിച്ചിരുന്നു. കവനന്റ് വന്നപ്പോൾ സർക്കാരിനെ ഏൽപ്പിച്ചുവെങ്കിലും ഒരിക്കലും സർക്കാരിന് ദേവസ്വത്തിനെ തന്നിഷ്ടംപോലെ ഒരു ഡിപ്പാർട്ടുമെന്റാക്കിയെടുക്കാൻ പറ്റാത്ത തരത്തിൽ ചില മുൻകരുതലെടുത്തിരുന്നു. വിശ്വാസികളായ രാജാക്കന്മാർപോലും വളരെ മുൻകരുതലോടെ ഇടപെട്ടിരുന്ന സ്ഥാനത്ത് ജനാധിപത്യം വന്നപ്പോൾ ഹൈക്കോടതിയുടെ അധികാരംകൂടി കയ്യേറാനുള്ള ശ്രമമാണ് നടത്തുന്നത്. വിശ്വാസികളോടുള്ള നിഷേധാത്മകമായ ഒരു സമീപനവും മതേതരത്വ ത്തിന്റെ നിഷേധവുമാണ് ഈ ബില്ലിൽ ഉടനീളം കാണുന്നത്. ആധ്യാത്മിക മണ്ഡലത്തിലേയ്ക്ക് നുഴഞ്ഞു കയറി കയ്യേറ്റം നടത്താനുള്ള ശ്രമം നടക്കുന്നുണ്ട്. വിവിധ ചിന്താഗതിക്കാരായ ആളുകളും വിവിധ സംഘടനകളു മായി ചർച്ച ചെയ്ത് മതത്തിന്റെയും ജാതിയുടെയും പേരിലുള്ള സ്വസ്ഥ തയ്ക്ക് ഭംഗം വരാതിരിക്കാൻ ശ്രമിക്കണം. ജാതീയ വിഭാഗീയ ചിന്താഗതി കൾ വളർത്തി സമുദായ സൗഹാർദ്ദത്തിന് ദോഷകരമായ അന്തരീക്ഷമുണ്ടാ ക്കാൻ വേണ്ടിയുള്ള ദുഷ്ടലാക്കിനെതിരെ ജനാധിപത്യ വിശ്വാസികൾ ഒറ്റക്കെട്ടായി നിൽക്കണം. സവർണ്ണരും അവർണ്ണരും തമ്മിലുള്ള ഭിന്നത

മാറ്റാൻ ശ്രമിച്ചതിൽ സവർണ്ണ സമുദായം കൂടിയുണ്ട് എന്ന സത്യംമറച്ചു വെയ്ക്കാൻ സാധ്യമല്ല. ഐതിഹാസികമായ വൈക്കം സത്യാഗ്രഹത്തിലും ഗുരുവായൂർ സത്യാഗ്രഹത്തിലും സവർണ്ണർ ചെയ്ത പങ്കിനെ നിസ്സാരമായി തള്ളാൻ കഴിയുകയില്ല. ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്ത് അസ്വസ്ഥ തകളും ഭിന്നിപ്പുകളും ഇല്ലാത്ത സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടി ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കേണ്ടതാണ്.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):</u> 2009 ജനുവരി 1-ാം തീയതിയാണ് 2009-ലെ തിരുവിതാംകൂർ കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിന് ഇൻഡ്യാ ഗവൺമെന്റിന്റെ അനുമതി ലഭ്യമായത്. ബോർഡ് അംഗങ്ങളെ നിയമിക്കുന്ന തിനും എന്തെങ്കിലും ദുർവിനിയോഗമുണ്ടായാൽ ഒരു അന്വേഷണ കമ്മീഷനെ നിയമിക്കുന്നതിനും മാത്രമേ സർക്കാരിന് അധികാരമുള്ളൂ. നിലവിൽ എല്ലാ പരാതികളും കോടതി മുമ്പാകെ പോകേണ്ടി വരികയാണ്. ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടായാൽ സർക്കാരിന് റിവിഷണൽ അധികാരം നൽകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി യിട്ടുണ്ട്. അതുപയോഗിച്ച് ക്ഷേത്രകാര്യങ്ങൾ പിടിച്ചടക്കുന്നതിന് യാതൊരു ഉദ്ദേശവുമില്ല. മതസൗഹാർദ്ദം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ഇച്ഛാശക്തിയാണ് ഗവൺമെന്റിനുള്ളത്. ഇത് നിയമമാക്കുന്നതിന് ഇൻഡ്യൻ പ്രസിഡന്റിന്റെ അംഗീകാരം നേടുകയും വേണം. ഇവിടെ ഉന്നയിച്ച നിയമ പരമായ പ്രശ്നങ്ങൾ തീർച്ചയായും പരിശോധിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം വാങ്ങി ഈ നിയമഭേദഗതി അംഗീകരിക്കാൻ ഈ സഭയ്ക്ക് ലെജിസ്ലേറ്റീവ് കോംപീറ്റൻസിയുണ്ട്. ദേവസ്വം ബോർഡിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിലൂടെ ദേവസ്വം ഭരണം കൂടുതൽ കാര്യക്ഷമ

മാക്കാനും സുതാര്യമാക്കാനുമുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. ഭക്തജനങ്ങൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ബാദ്ധ്യത ഗവൺമെന്റിനും അതുപോലെ ബോർഡിനും ഉണ്ട്. അത്തരം ബാദ്ധ്യതകൾ നിർവ്വഹിക്കുന്നതിന് കൂടുതൽ അംഗസംഖ്യയുടെ ആവശ്യകതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് അത് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിരിക്കുന്നത്. ദേവസ്വം ഭേദഗതി നിയമത്തിൽ വിഭാവനംചെയ്തിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ദേവസ്വം ഭരണം മെച്ചപ്പെടുത്താൻ ആവശ്യമാണ്. മതസൗഹാർദ്ദത്തിനോ വിശ്വാസങ്ങൾക്കോ സ്നേഹത്തിനോ സാഹോദര്യത്തിനോ വിഘ്നമായിട്ടുള്ള യാതൊന്നുംതന്നെ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പാരമ്പര്യവും ക്ഷേത്രവിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും പരിപാലിക്കുന്നതിനാവശ്യമായ സാഹചര്യം ഒരുക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

1 (എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2 (ബി) ഭേദഗതി 49-ന് എതിരെ 29 വോട്ടുകളോടെ നിരാകരിക്കപ്പെട്ടു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്ക്ണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

### (ii) 2010-ലെ അബ്കാരി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): 2010-ലെ അബ്കാരി (ഭേദഗതി) ബില്ലും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. പി. കെ. ഗുരുദാസൻ: 2010-ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റി യുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ക്രിമിനൽ പ്രൊസീഡ്യുവർ കോഡിൽ പറയുന്ന സെക്ഷൻ അബ്കാരി ആക്ടിൽ ഇൻകോർപ്പറേറ്റ് ചെയ്ത നടപടി.

ശ്രീ. വി. ഡി. സതീശൻ: ബില്ലിന്റെ 10 -ാം ഖണ്ഡം മുഖേന 62 എന്ന ഒരു പുതിയ വകുപ്പ് ചേർത്തതുകൊണ്ടാണ് ഒബ്ജക്ഷൻ ഉന്നയിക്കുന്നത്. ഒരാൾ ഒഫൻസ് ചെയ്താൽ അയാൾക്ക് എങ്ങനെ ചാർജ്ജ് കൊടുക്കണം, എങ്ങനെ വിചാരണചെയ്യണം എന്നതിനെക്കുറിച്ചാണ് പ്രസ്തുത വകുപ്പിൽ പറഞ്ഞിരിക്കുന്നത്. അബ്കാരി ആക്ട് അനുസരിച്ചുള്ള ഒഫൻസ് വിചാരണ ചെയ്യുമ്പോഴുള്ള നടപടിക്രമങ്ങളും ക്രിമിനൽ പ്രൊസീഡ്യുവർ കോഡ് അനുസരിച്ചുള്ളതുതന്നെയാണ്. പ്രസ്തുത നിയമത്തെ കവച്ചുവയ്ക്കുന്ന ഒന്നല്ല കേരള അബകാരി ആക്ട്. അതുകൊണ്ട് ക്രിമിനൽ പ്രൊസീഡ്യുവർ കോഡിൽ വ്യക്തമായി പറയുന്ന ഒരു സെക്ഷൻ അബ്കാരി ആക്ടിൽ ഇൻകോർപ്പറേറ്റ് ചെയ്യുന്നത് ഓർഡറിലാണോ എന്നുള്ളതാണ് ഒബ്ജക്ഷൻ.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ഇന്ത്യൻ പീനൽ കോഡിലെ 34-ാം വകുപ്പിന് സമാനമായ വകുപ്പാണ് ബില്ലിന്റെ 10-ാം ഖണ്ഡം മുഖേന ചേർക്കുവാൻ ഉദ്ദേശിക്കുന്ന 62-ാം

വകുപ്പ്. ഇന്ത്യൻ പീനൽ കോഡിന്റെ വ്യവസ്ഥ പ്രകാരം അബ്കാരി ആക്ടിൻ കീഴിലുള്ള കുറ്റങ്ങളെ സംബന്ധിച്ച് പ്രോസിക്യൂഷൻ നടപടി ആരംഭിക്കുന്നതിനോ വിചാരണ നടത്തുന്നതിനോ സാധ്യമല്ല. അബ്കാരി ആക്ടിൽ ഈ കുറ്റം ഉൾപ്പെടുത്തിയാൽ മാത്രമേ കോടതിക്ക് ഈ കുറ്റങ്ങൾ വിചാരണ ചെയ്യാൻ അധികാരം ലഭിക്കുകയുള്ളൂ. അതിനാൽ അബ്കാരി നിയമത്തിൽ കൂട്ടിച്ചേർത്തിട്ടുള്ള 62-ാം വകുപ്പ് ക്രമപ്രകാരമാണ് ചേർത്തിരിക്കുന്നത്.

**റൂളിംഗ്**

മി. സ്പീക്കർ: കേസ്സുകൾ കുറച്ചുകൂടി കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുവേണ്ടിയാണ് അബ്കാരി ആക്ടിൽ പ്രസ്തുത വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നത് എന്നാണ് മന്ത്രി വ്യക്തമാക്കിയിരിക്കുന്നത്. തീർച്ചയായും അത് ചർച്ചചെയ്യപ്പെടേണ്ടത് തന്നെയാണ്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചചെയ്യുമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ബിൽ അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 108 വർഷം പഴക്കമുള്ള ഈ നിയമം കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഗവൺമെന്റ് ഒരു സമിതിയെ നിയോഗിച്ചിരുന്നു. ആ സമിതിയുടെ ശുപാർശപ്രകാരമുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരികയും കുറ്റകൃത്യങ്ങളുടെ സ്വഭാവത്തിൽ മാറ്റങ്ങൾ വരികയും ചെയ്തു കൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണിത്. ധാരാളം അബ്കാരി കേസ്സുകൾ എക്സൈസ് ഓഫീസുകളിലും കോടതികളിലുമായി കെട്ടിക്കിടക്കുകയാണ്. പ്രസ്തുത കേസ്സുകൾ എത്രയും പെട്ടെന്ന് തീർക്കേണ്ടത് എക്സൈസ്

ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടു പോകുന്നതിന് ആവശ്യമാണ്. ഈ സാഹചര്യത്തിൽ ചെറിയ കേസ്സുകൾ കോമ്പൗണ്ട് ചെയ്യുന്നതിനും വലിയ കുറ്റങ്ങൾക്ക് ഐ.പി.സി. പ്രകാരമുള്ള പരമാവധി ശിക്ഷ നല്കുന്നതിനുള്ള വ്യവസ്ഥകളും ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിനുപുറമേ മദ്യക്കുപ്പികളിലെ ലേബലിനുവേണ്ടിയുള്ള സ്റ്റിക്കർ വ്യാജ മായി നിർമ്മിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾ കേരളത്തിലും അയൽ സംസ്ഥാനങ്ങളിലും വളർന്നുവരികയാണ്. അത് കേരളത്തിലെ മദ്യ വ്യാപാ രത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ പുതിയ വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രിമിനൽ നടപടി നിയമ പ്രകാരം പോലീസ് ഉദ്യോഗസ്ഥർക്കുള്ള ചില അധികാരങ്ങൾ എക്സൈസ് ഉദ്യോഗസ്ഥർക്കും നല്കുന്ന വ്യവസ്ഥകൾ ഈ ബില്ലിൽ ചേർത്തിട്ടുണ്ട്. എക്സ്ട്രാ ന്യൂട്രീഷണൽ അൽക്കഹോളിന്മേൽ 1996 മാർച്ച് മുതൽ ഇംപോർട്ട് ഫീ ഏർപ്പെടുത്തിയിരുന്നുവെങ്കിലും അത് പ്രാവർത്തികമാ ക്കിയിരുന്നില്ല. സി. ആന്റ്. എ.ജി. ഈ കാര്യം ചൂണ്ടിക്കാണിക്കുകയും ബന്ധപ്പെട്ടവർക്ക് നോട്ടീസ് കൊടുക്കാൻ തീരുമാനിച്ചപ്പോൾ അവർ കോടതി യിൽപോയി സ്റ്റേ വാങ്ങുകയുമുണ്ടായി. മനുഷ്യന്റെ കൺസംപ്ഷന് ആവശ്യമായിട്ടുള്ള ആൽക്കഹോളിനുമാത്രമേ ലെവിയോ ടാക്സോ ചുമത്താൻ പാടുള്ളൂവെന്ന് കോടതി വിധിച്ചിട്ടുണ്ട്. ആ വിധി മറികടന്നു കൊണ്ട് സംസ്ഥാന ഗവൺമെന്റ് എസ്.ആർ.ഒ. പുറപ്പെടുവിച്ചു. അതിൽ അൽപ്പം മാറ്റം വരുത്തുന്ന ഒരു വിധി സുപ്രീംകോടതി പുറപ്പെടുവിച്ചിരുന്നു. ഇ.എൻ.എ.-ക്ക് ഇംപോർട്ട് നികുതി ഏർപ്പെടുത്തിയാൽ എക്സ്ട്രാ ന്യൂട്രീഷ ണൽ ആൽക്കഹോളിന്റേയും റെക്ടിഫൈഡ് സ്പിരിറ്റിന്റേയും വില മുപ്പത് ശതമാനം വർദ്ധിക്കും. അതനുസരിച്ച് കേരളത്തിൽ വിറ്റഴിയുന്ന മദ്യത്തിന്റെ

വില വർദ്ധിക്കുകയും വ്യാജമദ്യത്തിന്റെ ഒഴുക്ക് വർദ്ധിക്കുകയും ചെയ്യും. മാത്രമല്ല മദ്യവ്യവസായം ഇതരസംസ്ഥാനങ്ങളിലേയ്ക്ക് പോകുകയും വൻകിട കുത്തകകളുടെ നിയന്ത്രണത്തിന് വിധേയമാകുകയും ചെയ്യും. ഇത് തടയുന്നതിനുവേണ്ടിയാണ് സെക്ഷൻ-6 ഉൾക്കൊള്ളിച്ചിരിക്കുന്നത്. ചൂഷണ ത്തിൽനിന്ന് വിമുക്തമാക്കുക എന്ന ഉദ്ദേശവും ഈ ബില്ലിന്റെ പിന്നിലുണ്ട്. നിലവിലുള്ള നിയമപ്രകാരം സ്പിരിറ്റും മറ്റും കടത്തുന്ന ലോറികൾപോലും കോൺഫിസ്കേറ്റ് ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. അങ്ങനെയുള്ള പശ്ചാത്തലത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും കർശനമായ നടപടി കൾ സ്വീകരിക്കുന്നതിനും എക്സൈസ് ഉദ്യോഗസ്ഥരെ സജ്ജമാക്കുന്ന തിനും അങ്ങനെ ക്രമസമാധാനം പാലിക്കുന്നതിനും അബ്കാരി കുറ്റക്കാരെ തടയുന്നതിനും ആവശ്യമായിട്ടുള്ള നിയമനിർമ്മാണമാണിത്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: This House resolves to disapprove The Abkari (Amendment) Ordinance, 2010 (Ordinance No.6 of 2010) എന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രമുഖമായും 9 വകുപ്പു കൾക്കാണ് ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്. 108 വർഷം പഴക്കമുള്ള അബ്കാരി നിയമത്തിൽ സമഗ്രമായ മാറ്റം ഉണ്ടാകണമെന്ന ഉദ്ദേശത്തോടു കൂടിയാണ് ഇങ്ങനെ ഒരു നടപടിയിലേയ്ക്ക് വന്നത് എന്ന് സൂചിപ്പിക്കുകയു ണ്ടായി. സംസ്ഥാനത്ത് ഓരോ വർഷവും മദ്യത്തിന്റെ കൺസംപ്ഷൻ കൂടു കയാണ്. ചെറിയ കുട്ടികളിൽപോലും മദ്യപാന ശീലം വർദ്ധിച്ചുകൊണ്ടിരി ക്കുകയാണ്. കുട്ടികളേയും അടുത്ത തലമുറയേയും രക്ഷിക്കുന്നതിനു വേണ്ടി ഫലവത്തായ ഒന്നും തന്നെ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

വൻകിട കമ്പനികളെ സഹായിക്കുന്നതിനുവേണ്ടിയാണ് ബിയറിനും വൈനിനും നികുതി കുറച്ചിരിക്കുന്നത്. നമ്മുടെ നാട്ടിലെ സ്പിരിറ്റ് കടത്ത് വർദ്ധിച്ചിരിക്കുകയാണ്. വൻകിട കോടീശ്വരൻമാർ നടത്തിക്കൊണ്ടിരിക്കുന്ന സ്പിരിറ്റ് കള്ളക്കടത്തിലെ യഥാർത്ഥ പ്രതികളെ പുറത്തുകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം. തീർപ്പുകൽപ്പിക്കാനുള്ള കേസ്സുകളിൽ ഉൾപ്പെട്ടിരിക്കുന്നത് നിരപരാധികളായ പ്രതികളാണ്. പിടിച്ചെടുക്കുന്ന വണ്ടി എവിടെയെങ്കിലും കിടന്ന് തുരുമ്പു പിടിക്കുകയാണ്. അവസാനം അത് ആക്രിക്കച്ച വടക്കാരന്റെ കയ്യിലാണ് എത്തുന്നത്. സ്പിരിറ്റ് കടത്തുന്ന ഒരു വാഹനം കസ്റ്റഡിയിലെടുത്താൽ ന്യായമായും ക്ളയന്റ് വന്നില്ലെങ്കിൽ രണ്ടുമാസം കഴിഞ്ഞ് അത് ലേലം ചെയ്ത് പണം ട്രഷറിയിലേയ്ക്ക് വസൂലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. പിന്നീട് കോടതി എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പണം തിരികെ കൊടുത്താൽ മതിയാകും. പോലീസ് ഇൻവെസ്റ്റിഗേഷനിൽ പ്രതികളെ രക്ഷിക്കാനുള്ള ശ്രമം നടത്തുന്നതായി സംശയമുള്ളതുകൊണ്ടായിരിക്കാം പോലീസിന് കൊടുത്ത അധികാരം എക്സൈസിനുകൂടി കൊടുക്കണമെന്ന് വാദിച്ചത്. ഇടറോഡുകളിൽക്കൂടി സംസ്ഥാനത്ത് പ്രവേശിക്കുന്ന വാഹനങ്ങൾ പരിശോധിക്കുന്ന കാര്യത്തിൽ കർശനമായ നടപടി എടുക്കുന്നുവെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്ന വിധത്തിലുള്ള നിയമമാറ്റം വരുത്താൻ സർക്കാർ തയ്യാറാകണം. അത്തരം നടപടി ബില്ലിൽ ഇല്ലാത്തതുകൊണ്ടാണ് ഈ ബിൽ നിരാകരിക്കണമെന്ന് പറയുന്നത്. സെക്യൂരിറ്റി സ്റ്റിക്കർ അച്ചടിക്കുന്നതിനും കപടാനുകരണം തടയുന്നതിനുമുള്ള നടപടി സ്വീകരിക്കണം. സ്വകാര്യ വ്യക്തിയുടെ പ്രസ്സിലാണ് സെക്യൂരിറ്റി സ്റ്റിക്കർ അച്ചടിക്കുന്നതെന്നുള്ള ആക്ഷേപം വ്യാപകമായി നിലനിൽക്കുന്നു. കള്ളുഷാപ്പുകളിൽ വ്യാപകമായി ചാരായ കച്ചവടം

നടക്കുന്നതിന്റെ ഫലമായി സംസ്ഥാനത്ത് സ്പിരിറ്റ് ധാരാളമായി എത്തുന്ന സാഹചര്യം ഉണ്ടാകുന്നു. കള്ള് ഷാപ്പുകളിൽ എക്സൈസ് പരിശോധന വേണ്ടെന്ന ഉത്തരവ് നിലനിൽക്കുന്നതായാണ് മനസ്സിലാകുന്നത്. ഉൽപ്പാദിപ്പി ക്കുന്നതിനേക്കാൾ കൂടുതൽ വ്യാജക്കള്ള് സംസ്ഥാനത്ത് വിതരണം ചെയ്യു ന്നുണ്ട്. ഇത് ജനങ്ങളുടെ ആരോഗ്യസ്ഥിതിയെ ബാധിക്കുന്നു. എന്നാൽ ചെത്തുതൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. സംസ്ഥാനത്ത് വ്യാജക്കള്ള് നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ചില സ്ഥല ങ്ങളിൽ മദ്യത്തിന്റെ വീര്യം കൂട്ടാനായി സ്പിരിറ്റ് കൂട്ടിച്ചേർത്ത് വിൽപ്പന നടത്തുന്നുണ്ട്. ചാരായനിരോധനം വന്നെങ്കിലും പല ഷാപ്പുകളിലും ചാരാ യക്കച്ചവടം നടക്കുന്നത് അന്വേഷണ വിധേയമാക്കണം. സ്പിരിറ്റിനെ പ്രോത്സാഹിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണം. 50 ചെത്തുതെങ്ങെ ങ്കിലും ഒരു ഷോപ്പിന്റെ പരിധിക്കകത്തുണ്ടെങ്കിൽ മാത്രമേ ഷാപ്പ് അനുവദി ക്കുകയുള്ളൂവെന്ന് നിയമത്തിൽ പറഞ്ഞിട്ടുണ്ട്. കേരളത്തിലേയ്ക്ക് വ്യാപക മായി വ്യാജക്കള്ള് ഒഴുകുന്നത് തടയാൻ സർക്കാരിന് കഴിയണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 122 പുതിയ ബാറുകൾ അനുവ ദിച്ചതിനുപുറമേ നിലനിൽക്കുന്ന ബാറുകൾക്ക് പുതിയ കൗണ്ടർ ഓപ്പൺ ചെയ്യുന്നതിനുള്ള അനുമതി കൊടുക്കുകയും ചെയ്തു. കേരളത്തിൽ മുന്നൂറി ലധികം സ്ഥലങ്ങളിൽ ഒരു ബാറിന് പല എൻട്രൻസ് കൊടുത്തതിന്റെ ഫല മായി ഭാവിയിൽ ഈ എൻട്രൻസ് രണ്ടായി ഡിവൈഡ് ചെയ്ത് രണ്ട് ബാർ ആക്കി മാറ്റുന്ന സാഹചര്യം ഉണ്ടാകും. ബഡ്ജറ്റിൽ ഡിഅഡിക്ഷൻ സെന്റർ തുടങ്ങുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തെ മദ്യപാനാസക്തിയിൽനിന്നും രക്ഷിക്കാനുള്ള നടപടി ഉണ്ടാകണം. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ കൂടുതൽ അനുവദിക്കാൻ തീരുമാനിച്ചത് മദ്യാസക്തിവർദ്ധി

പ്പിക്കുന്നതിന് ഇടയാക്കും. മദ്യപാനം നിരുത്സാഹപ്പെടുത്തിന്നതിനുള്ള പരസ്യം മാത്രം പോരാ. അതിനെതിരായി നടപടിയെടുക്കാനും ഗവൺമെന്റിന് കഴിയണം. കോടതികളുടെ അപര്യാപ്തതമൂലം കേസ്സുകൾ കെട്ടിക്കിടക്കുന്ന തുകൊണ്ട് എക്സൈസ് ഡിപ്പാർട്ടുമെന്റിന് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുക എന്ന സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള കോംപൗണ്ടിംഗ് സമ്പ്രദായം ദുരുപയോഗം ചെയ്യപ്പെടുകയും അഴിമതിക്ക് വഴിവയ്ക്കുകയും ചെയ്യും. മദ്യശാലയുടെ ദൂരപരിധി നിശ്ചയിച്ചതിലുള്ള അപാകത ഒഴിവാക്കണം. കാലാവധി കഴിയുമ്പോൾ മദ്യഷാപ്പുകളുടെ എന്റിറ്റി അവസാനിക്കുമെങ്കിലും ക്ഷേമനിധി വ്യവസ്ഥയനുസരിച്ച് തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുകയില്ല. ദൂരപരിധി ലംഘിച്ചുകൊണ്ട് സംസ്ഥാനത്ത് നിരവധി ബാറുകൾ പ്രവർത്തിക്കുന്നുണ്ട്. ആഘോഷങ്ങൾക്കും മറ്റും മദ്യം ഉപയോഗിക്കുന്ന പ്രവണത അവസാനിപ്പിക്കണം. സാമൂഹ്യബോധവ ത്ക്കരണം നടത്തേണ്ട ഗവൺമെന്റ് മദ്യവിൽപ്പന പ്രോത്സാഹിപ്പിക്കുന്നത് ശരിയല്ല. നഴ്സറി സ്കൂളിന്റെ പരിസരത്ത് ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നത് നിരോധിക്കാൻ കർശന നടപടി സ്വീകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: നിരാകരണ പ്രമേയത്തെ പിന്താങ്ങുകയാണ്. ഗൗരവതരമായ സാമൂഹ്യ പ്രശ്നമായി കേരളത്തിലെ മദ്യപാനം മാറുകയാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മദ്യപാനത്തിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. അബ്കാരി മേഖല ഗവൺമെന്റുകൾക്ക് വരുമാനം കിട്ടുന്ന ഒരു മേഖലയാണ്. പരമ്പരാഗത വ്യവസായ മേഖല എന്നുള്ള നിലയിൽ ചെത്തു തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്. വ്യാജമദ്യത്തിന്റേയും വ്യാജകള്ളിന്റേയും സ്പിരിറ്റി ന്റേയും വ്യാപകമായ ഉപഭോഗത്തിന്റെ ഫലമായി കേരളത്തിൽ ഉദരരോഗം

വ്യാപകമാണ്. ബില്ലിലെ ആറാം വകുപ്പിന്റെ ഭേദഗതിയിൽ പറയുന്നത് മനുഷ്യരുടെ ഉപഭോഗത്തിനായി നിർമ്മിക്കപ്പെടുന്ന മദ്യം വ്യാപകമായി ഉപയോഗിക്കപ്പെടുന്ന റെക്ടിഫൈഡ് സ്പിരിറ്റ് അല്ലെങ്കിൽ അബ്സല്യൂട്ട് ആൽക്കഹോൾ ഉൾപ്പെടെയുള്ള എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന് ഇറക്കുമതി ഫീസ് ചുമത്താൻ പാടുള്ളതല്ല എന്നാണ്. അതേക്കുറിച്ച് മന്ത്രി പറഞ്ഞ വിശദീകരണം കൺവിൻസിംഗ് അല്ല. ഈ സ്പിരിറ്റ് കൊണ്ടുവരുന്ന ആളുകളിൽ നിന്ന് ഈടാക്കേണ്ട ഇംപോർട്ട് ഫീസ് നഷ്ടപ്പെടുത്തിയാൽ അത് സംസ്ഥാന ഖജനാവിന് വലിയ നഷ്ടമായിരിക്കുമെന്നുള്ളതിനാൽ ഈ ഫീസ് പിൻവലിക്കാനുണ്ടായ കാരണം വിശദമാക്കണം. ഇപ്പോൾ അബ്കാരി കേസ്സുകൾ ഡീൽ ചെയ്യുന്നതിന് പോലീസിന് നൽകിയിട്ടുള്ള അധികാരം എക്സൈസ് ഉദ്യോഗസ്ഥർക്ക് കൊടുക്കാനുള്ള തീരുമാനം സ്വാഗതാർഹ മാണ്. വ്യാജ നിർമ്മിത ലേബലുകളും സെക്യൂരിറ്റി സ്റ്റിക്കറുകളും സെക്കന്റ്സ് എന്ന പേരിൽ നിർമ്മിച്ച് സംസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തുന്നത് തടയുന്നതിനായി ഗവൺമെന്റ് പ്രസ്സുകളിൽ മാത്രം വളരെ ശ്രദ്ധാപൂർവ്വം സ്റ്റിക്കറുകൾ പ്രിന്റിംഗിന് കൊടുക്കുകയും വ്യാജ ലേബ ലുകൾ പെട്ടെന്ന് മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ പ്രത്യേക സിംബൽ കൊടുത്ത് അവ പ്രിന്റ് ചെയ്യേണ്ടതുമാണ്. മദ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് കുപ്പിയോടുകൂടി എക്സൈസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ എടുത്തുകൊണ്ടുപോകുന്ന ലിക്കറിന്റെ പണം ഗവൺമെന്റ് കൊടുക്കണമെന്ന ബാർ അസോസിയേഷൻ നിർദ്ദേശം ഗൗരവമായി പരിശോ ധിക്കേണ്ടതാണ് അത് അനുവദിക്കാൻ പാടില്ലാത്തതാണ്.

<u>ശ്രീ. കെ. രാജു</u> : 2010-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭി പ്രായം ആരായുന്നതിനായി 30-04-2010 വരെ സർക്കുലേറ്റ് ചെയ്യണമെന്ന

ഭേദഗതി അവതരിപ്പിക്കുന്നു. മദ്യ വിപത്തിനെക്കുറിച്ചുള്ള ഒരു ചർച്ചയാണ് ഇവിടെ നടക്കുന്നത്. മദ്യത്തിന്റെ ഉപഭോഗംമൂലം സമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറച്ചുകൊണ്ടുവരാനാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിൽ ധാരാളമായി വ്യാജമദ്യ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. തെങ്ങിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന കള്ളിനെക്കുറിച്ചുവേണം നമുക്ക് പ്രധാനമായും ഇവിടെ ചർച്ച ചെയ്യേണ്ടത്. കേരളത്തിലാകമാനം വ്യാജ കള്ളാണ് ഇപ്പോൾ സുലഭമായി കിട്ടുന്നത്. തെങ്ങിൽനിന്നും കിട്ടുന്ന കള്ളിനെ ഒരു ശീതളപാനീയമെന്ന നിലയിൽ കണ്ടുകൊണ്ട് കള്ളുഷാപ്പുകൾ മോഡേണൈസ് ചെയ്യേണ്ടതുണ്ട്. ലഘുവായ ലഹരിയുള്ള മദ്യം കള്ളുഷാപ്പുകൾവഴി കൊടുക്കുന്നതിനെ സംബന്ധിച്ചുവേണം നമുക്ക് ആലോചിക്കേണ്ടത്. സ്പിരിറ്റിനകത്ത് മണവും കളറും ചേർത്ത് വിദേശമദ്യം എന്ന ലേബലും ഒട്ടിച്ച് മദ്യഷാപ്പുകളിലൂടെ വിൽക്കുന്നതുമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഗവൺമെന്റിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ചാരായനിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് എല്ലാവർക്കും വീണ്ടും ജോലി കൊടുക്കാൻ കഴിയണം. ബിവറേജസ് കോർപ്പറേഷൻ മാറ്റി വയ്ക്കുന്ന തുക മറ്റേതെങ്കിലും ഏജൻസിയെ ഏല്പിച്ച് ഡീ-അഡിക്ഷൻ സെന്റർ നടത്തണം. ഒരു കള്ളുഷാപ്പിൽ ഏറ്റവും കുറഞ്ഞത് അഞ്ച് തൊഴിലാളികളും അവർക്ക് ചെത്താൻ 50 തെങ്ങുകളും വേണമെന്ന രീതിയിലേയ്ക്ക് അബ്കാരി നയവും നിയമവും മാറണം. എക്സൈസ് ഡിപ്പാർട്ട്മെന്റിന് ഇൻവെസ്റ്റിഗേഷനും മറ്റും നടത്തുന്നതിന് ആവശ്യമായ നിയമപരമായ പിന്തുണ ഇപ്പോഴില്ല. പോലീസ് ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ കൊടുത്തിട്ടുള്ള അതേ അധികാരങ്ങൾ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്കും നൽകണം. പുതുക്കിയ ഉത്തരവനുസരിച്ച് അബ്കാരി

കേസ്സുകളിൽ കോമ്പൗണ്ടിംഗ് സമ്പ്രദായം നിർത്തിവച്ചിരിക്കുന്നത് പുന:പരി ശോധിക്കണം. കോമ്പൗണ്ടിംഗിനെ സംബന്ധിച്ച് ബില്ലിൽ പറഞ്ഞിരിക്കുന്ന "വ്യാജമദ്യ വില്പന നിയന്ത്രിക്കുന്നതിന്" എന്നുള്ളതിന് പകരം "വ്യാജമദ്യ വില്പന തടയുന്നതിന്" എന്നാക്കി മാറ്റണം.

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> 2010-ലെ അബ്കാരി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവത രിപ്പിക്കുന്നു. മദ്യപാനം വർദ്ധിപ്പിക്കാനും മദ്യ മുതലാളിമാർക്കും സർക്കാ രിനും വൻതോതിൽ വരുമാനം ഉണ്ടാക്കാനുമുള്ളതാണ് ഈ ബിൽ. പൊതുസ്ഥലങ്ങളിൽ പിടികൂടുന്ന മദ്യം ന്യായവില ഈടാക്കി തിരിച്ചു നൽകുന്നത് മദ്യപാനത്തെ പ്രോത്സാഹിപ്പിക്കും. കോടതിയിലെ കേസുകൾ ഒഴിവാക്കി എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ വഴി കോമ്പൗണ്ട് ചെയ്ത് പിഴ ഈടാക്കണം എന്ന് പറയുന്നതിലൂടെ കോടതി കൈകാര്യം ചെയ്യേണ്ട കേസുകളിൽപ്പോലും തീർപ്പുകൽപ്പിക്കാൻ എക്സൈസ് ഉദ്യോഗസ്ഥർക്ക് അധികാരം കൊടുക്കുന്നത് നിയമ വ്യവസ്ഥയെ ചോദ്യം ചെയ്യുന്നതാണ്. വ്യാജമദ്യം കൊണ്ടുവരുന്ന വാഹനങ്ങൾ പിടിക്കപ്പെട്ടാൽ ആ വാഹന മുൾപ്പെടെ കോടതിയിൽ ഹാജരാക്കണമെന്നതിന് പകരം വാഹന ഉടമകളെ സഹായിക്കുന്ന രീതിയിൽ എക്സൈസ് ഡിപ്പാർട്ട്മെന്റിലെ മെക്കാനിക്കൽ എഞ്ചിനീയർ അതിന്റെ മാർക്കറ്റ് വില നിശ്ചയിച്ച് വാഹനം വിട്ടുകൊടുക്കാ മെന്നുള്ള ഒരു ഭേദഗതിയാണ് വന്നിരിക്കുന്നത്. ഇത് മദ്യക്കടത്തിന് പ്രോത്സാഹനം നൽകും. വ്യാജ മദ്യം കടത്തുന്നതിനുള്ള പിഴ അയ്യായിരം രൂപയെന്നുള്ളത് വളരെ തുച്ഛമായതുകൊണ്ട് അത് വർദ്ധിപ്പിക്കണം. 18 വയസ്സിൽ താഴെയുള്ളവർക്ക് മദ്യം കൊടുക്കുന്നവർക്കും 18 വയസ്സിന് താഴെ

യുളളവർ മദ്യപിച്ചാലും 5000 രൂപ പിഴ നിശ്ചിയിച്ചിരിക്കുന്നത് വർദ്ധിപ്പിക്കണം. പൊതുസ്ഥലങ്ങളിലിരുന്നും പൊതുസ്ഥലങ്ങളിൽ വാഹനങ്ങളിലിരുന്നും മദ്യപിക്കുന്നവർക്കുളള പിഴത്തുകയും ലൈസൻസില്ലാതെ മദ്യം വിൽക്കുന്നതിനുളള പിഴത്തുകയും വർദ്ധിപ്പിക്കണം. സർക്കാർ ലൈസൻസ് ദുരുപയോഗം ചെയ്യുന്നവർക്കുളള ശിക്ഷ 25000 രൂപ എന്നത് വർദ്ധിപ്പിക്കണം. വ്യാജ സ്റ്റിക്കറോ ലേബലോ ഉപയോഗിക്കുന്നവർക്ക് അഞ്ച് വർഷം തടവ് എന്നത് 10 വർഷവും 25000 രൂപ പിഴയെന്നത് ഒരു ലക്ഷം രൂപയുമാക്കി വർദ്ധിപ്പിക്കണം. മദ്യത്തിലെ വിഷാംശം കണ്ടുപിടിക്കുന്ന ലാബുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. വ്യാജ പേരിൽ മദ്യം കൊണ്ടുവരുന്നതും വ്യാജ വണ്ടി നമ്പരിൽ മദ്യം കൊണ്ടുവരുന്നതും പിടികൂടിയാൽ മൂന്നുവർഷത്തെ തടവ് എന്നുള്ളത് 10 വർഷമാക്കി വർദ്ധിപ്പിക്കുകയും ഒരു ലക്ഷം രൂപ പിഴ എന്നുള്ളത് 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്യണം. മദ്യത്തിൽ ചേർക്കുന്ന വിഷാംശങ്ങൾ കണ്ടുപിടിക്കുന്നതിന് ലാബ് സൗകര്യം നിർബന്ധമായും വർദ്ധിപ്പിക്കണം. മദ്യത്തിന്റെ വില്പന ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരണം. വ്യാജച്ചാരായം വില്ക്കുന്നവരെ രക്ഷപ്പെടാൻ കഴിയാത്ത രീതിയിൽ നിയമത്തിൽ മാറ്റം വരുത്തണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> മദ്യത്തിന്റെ പേരിൽ കേരളത്തിന്റെ മാഹാത്മ്യം നഷ്ടപ്പെടുത്തരുത്. ഇവിടെ മദ്യത്തോടുള്ള ആസക്തിയും വ്യാജ മദ്യത്തിന്റെ വ്യാപനവും മാഫിയാ സംഘങ്ങളുടേയും അഴിമതിക്കാരുടേയുമെല്ലാം പ്രവർത്തനവും സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതുകൊണ്ട് മദ്യാസക്തിക്കെതിരെ ഒരുമിച്ച് പ്രവർത്തിക്കണം. പുതിയ തലമുറയെ നല്ല ശിക്ഷണബോധത്തോടുകൂടി വളർത്തുന്നതിനും മദ്യവിമുക്ത സമൂഹം

വളർത്തിയെടുക്കുന്നതിനും ഒരുമിച്ചു പ്രവർത്തിക്കണം. വ്യാജമദ്യ ത്തിനെതിരായി ശക്തമായ നടപടികൾ സ്വീകരിച്ചതുകൊണ്ട് ഗവൺമെന്റിന് വരുമാന വർദ്ധനവുണ്ടായി. അപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് കൂടുതൽ കരുത്ത് പകരുന്ന നിയമനിർമ്മാണമാണിത്. ലളിതാംബിക കമ്മീഷൻ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമവ്യവസ്ഥകൾ പരിശോധിച്ച് പരമാവധി ശിക്ഷ ഉറപ്പുനൽകുന്ന ഒരു നിയമഭേദഗതിയാണ് ഇത്. നിലവിലുള്ള കോമ്പൗണ്ടിംഗ് വ്യവസ്ഥ കുറച്ചുകൂടി കർശനമാക്കിയിട്ടുണ്ട്. 26-9-2001-ന് അന്നത്തെ ഗവൺമെന്റ് തയ്യാറാക്കിയ വ്യവസ്ഥകൾക്ക് വിധേയമായി സി-ഡിറ്റിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ് സ്റ്റിക്കർ പ്രിന്റുചെയ്യുന്നത്. അതിൽ എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കുന്നതാണ്. എല്ലാപഴുതുകളെയും അതിജീവിക്കാൻ പര്യാപ്തമായ വ്യവസ്ഥകളാണ് ഈ നിയമത്തിലുള്ളത്. പോലീസിന് അബ്കാരി കേസുകൾ കൈകാര്യം ചെയ്യാനുള്ള ഒരു പ്രത്യേക അധികാരംകൂടി കൊടുക്കുന്ന വ്യവസ്ഥ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു സോഷ്യൽ റെസ്പോൺസിബിലിറ്റി എന്ന നിലയിൽ ഗവൺമെന്റിനോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കോ കെ.എസ്.ബി.സി. സാമ്പത്തിക സഹായം നൽകി ജില്ലാ ആശുപത്രികളോടനുബന്ധിച്ച് ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതാണ്. സാമൂഹ്യ അവബോധം വളർത്തുന്നതിനും കെ.എസ്.ബി.സി.യുടെ സാമ്പത്തിക സഹായം ലഭ്യമാകുന്നുണ്ട്. സുപ്രീംകോടതിയുടെ ഭരണഘടനാബെഞ്ച് അനുവദിക്കാത്തതിനാൽ 1996 മുതൽ ഇമ്പോർട്ട് ഫീ പിരിച്ചിട്ടില്ല. ഏതെങ്കിലും കാരണത്താൽ ഈ വ്യവസായം കേരളത്തിന് പുറത്തുപോയാൽ അത് കേരളത്തിന്റെ ഭാവിയെ ബാധിക്കും.

കള്ളുഷാപ്പുകൾക്കുമാത്രമാണ് പരമ്പരാഗത വ്യവസായമെന്നുള്ള നിലയിൽ കൺസെക്ഷൻ കൊടുക്കുന്നത്. ഒരുകാരണവശാലും സോഫ്റ്റ് ഡ്രിങ്ക് എന്ന പേരിലുള്ള മദ്യം അനുവദിക്കുകയില്ല. 2010-ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയവും ഭേദഗതികളും നിരാകരിച്ചു.

2010-ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(സഭ വൈകുന്നേരം 6.30-ന് പിരിഞ്ഞു.)